# മലയാളപ്പച്ച

## malayala pachcha

ർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

**11-ാം ലക്കം**



# ഭാഷാസൂത്രണം

## ചരിത്രം സിദ്ധാന്തം പ്രയോഗം


മലയാളവിഭാഗം

മലയാളവിഭാഗം

കോളേജ്

malayala pachcha

Research Journal of language literature and culture

Published in India By

The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in March, 2021

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Painting: Juge, image credit: Wikimedia Commons.

Price:₹220/-

## ഉള്ളടക്കം

ആമുഖം 7

കോളനിയനന്തരഭാഷാശാസ്ത്രം: ഭാഷാനയവും സാമൂഹ്യജനാധിപത്യവും
പി.പവിത്രൻ 13

ആഗോളീകരണകാലത്തെ മലയാളഭാഷാസൂത്രണം
സന്തോഷ് എച്ച്.കെ. 48

മലയാളഭാഷാസൂത്രണവും സാങ്കേതിക പദരൂപീകരണവും
സീന ജോൺ 73

ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ
ശ്രീനാഥൻ എം. 88

എ.ആർ. രാജരാജവർമ്മയുടെ ഭാഷാസൂത്രണപദ്ധതി
മുഹമ്മദ് ബഷീർ കെ.കെ. 116

മലയാളപഠനം: ഭാഷാസൂത്രണദൃഷ്ടിയിൽ
സോമനാഥൻ പി. 140

അരികുവൽക്കരിക്കപ്പെട്ട ഭാഷകളുടെ ഭാഷാസൂത്രണം
ജോസഫ് കെ ജോബ് 158

തലശ്ശേരിരേഖകളും നിഘണ്ടുക്കളും ഭാഷയുടെ വികാസചരിത്രത്തിൽ
ജോസഫ് സ്കറിയ 173

ഉച്ചാരണവും പാരമ്പര്യങ്ങളും
സി.ജെ. ജോർജ്ജ് 185

കേരള ഭാഷകൾ, മലയാള ഭാഷണം: വികസനവും സമന്വയവും
പി.ശ്രീകുമാർ 202

# ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ

ശ്രീനാഥൻ എം.
പ്രൊഫസർ, ഭാഷാശാസ്ത്രവിഭാഗം, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

പ്രബന്ധസംഗ്രഹം

ഭാഷാസൂത്രണത്തെ ആഗോളപശ്ചാത്തലത്തിൽ വിവരിച്ച് അതിന്റെ പ്രധാന മേഖലകൾ അടയാളപ്പെടുത്തുകയും മലയാളഭാഷ സ്വീകരിച്ച ഭാഷാസൂത്രണപദ്ധതികൾ അവതരിപ്പിക്കുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. മലയാളത്തിന്റെ ഭാഷാസൂത്രണവഴികൾ ഓരോന്നും വിശദമായ ചർച്ചചെയ്യുന്നില്ല. പകരം പ്രധാനപ്പെട്ടതും ഭാഷാസൂത്രണസന്ദർഭത്തിൽ നാഴികക്കല്ലായതുമായ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽവാക്കുകൾ**

ലിപിമാനകീകരണം, സാങ്കേതികപദനിർമ്മിതി, വിദ്യാഭ്യാസഭാഷാസൂത്രണം, ഭാഷാനയം, വരമൊഴിമാനകീകരണം

ഭാഷാസൂത്രണം എന്ന പ്രയോഗം 1959-ലാണ് ഹേഗൻ ആദ്യമായി ഉപയോഗിച്ചത് (ഫെർഗുസൺ 2006). സ്കാന്ഡിനേവിയൻ രാജ്യമായ നോർവെയുടെ മാനകീയദേശിയഭാഷയുടെ ചർച്ചാസന്ദർഭത്തിലാണ് ഈ പ്രയോഗം ഉണ്ടായത്. ദേശീയതലത്തിലുണ്ടാകുന്ന ഭാഷാപ്രശ്നങ്ങൾക്കു പ്രതിവിധിയായാണ് ഭാഷാസൂത്രണത്തെ ആദ്യകാലത്തു നോക്കിക്കണ്ടിരുന്നത്. ദേശരാഷ്ട്രനിർമിതിയുടെ ഭാഗമായുണ്ടാകുന്ന ഭാഷാപ്രശ്നങ്ങൾക്ക് പരിഹാരം ഭാഷാസൂത്രണമാണെന്ന ആശയം (ഫിഷ്മാൻ, 1974) 1980-കളോടെ വ്യാപകമായി അംഗീകാരം നേടി. അക്കാലത്തു ഭാഷാസൂത്രണവും ഭാഷാനയവും സമാനമായി പ്രയോഗത്തിലുണ്ടായിരുന്നു.

ഈ രണ്ടുപദങ്ങളും വ്യത്യസ്തമായി കപ്ലാൻ(2003) ഉപയോഗിച്ചുതുടങ്ങി. ഭാഷാനയം ഭാഷാസംബന്ധമായ നയങ്ങളുടെ ആവിഷ്കരണത്തിലും ഭാഷാസൂത്രണം പദ്ധതി നടത്തിപ്പുമായി വേർതിരിഞ്ഞു. 1970-കളിൽ ഭാഷാനയം എന്ന് പൊതുവിൽ പറയുമെങ്കിലും അത് ഔദ്യോഗികഭാഷാനയം, വിദ്യാഭ്യാസഭാഷാനയം, പൊതു ആവശ്യങ്ങൾക്കുള്ള ഭാഷാനയം എന്നിവ ഉൾപ്പെട്ടതായിരുന്നു. പൊതു ആവശ്യങ്ങൾ പ്രധാനമായും മാധ്യമവും വാണിജ്യവുമായ ഭാഷോപയോഗമാണ്.

പരമ്പരാഗതമായി ഭാഷാസൂത്രണം രണ്ടുതരത്തിലാണ് ഉൾക്കൊണ്ടിരിക്കുന്നത്. ഭരണം, നിയമം, വിദ്യാഭ്യാസം മുതലായ മേഖലകൾക്കായി ഭാഷയെ നിർദേശിക്കുന്നതാണ് സ്റ്റാറ്റസ് പ്ലാനിംഗ്. സമൂഹത്തിൽ ഭാഷാപദവി നിർണയിച്ചുറപ്പിക്കലാണ് ഇതിന്റെ ലക്ഷ്യം. എന്നാൽ ന്യൂനപക്ഷഭാഷകൾക്കും ആദിവാസിഭാഷകൾക്കും ഇന്ത്യയിൽ ഇത്തരത്തിലുള്ള പദവി ലഭിക്കുന്നില്ല എന്നത് ഇത്തരം ആസൂത്രണത്തിന് വിരുദ്ധമായി നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയക്കാരും ഭരണാധികാരികളുമാണ് ഭാഷാശാസ്ത്രജ്ഞരെക്കാൾ സ്റ്റാറ്റസ്പ്ലാനിംഗിൽ തീരുമാനമെടുക്കുന്നത്. എന്നാൽ കോർപ്പസ് പ്ലാനിങ്ങിൽ ഭാഷാശാസ്ത്രജ്ഞർക്കാണ് മുൻതൂക്കം. നിശ്ചിതമായ ലക്ഷ്യങ്ങൾ മുൻനിറുത്തിക്കൊണ്ടു ഭാഷയിൽ ആസൂത്രിതമായ മാറ്റങ്ങൾ വരുത്തുന്നതാണിത്. ലിപിപരിഷ്കരണം, മാനകീകരണം, ആധുനികീകരണം കംപ്യൂട്ടർക്ഷമതാവികസനം, സാങ്കേതികപദാവലിനിർമിതി തുടങ്ങിയുള്ള വിദഗ്ധ സമീപനം ആവശ്യമായ മേഖലകളാണ് കോർപ്പസ്പ്ലാനിങ്ങിന്റെ പരിധിയിൽവരുക (ഫിഷ്മാൻ 1974, ഫെർഗുസൺ 2006).

1989 മുതൽ കൂപ്പർ നിർദേശിച്ച സമാർജന ആസൂത്രണം (Acquisition planning) വിദ്യാഭ്യാസ ആസൂത്രണമാണ്. ഭാഷാസൂത്രണത്തെക്കുറിച്ച് ശക്തമായ വിമർശനം ഉന്നയിക്കപ്പെട്ടത് 1990-കളിലാണ്. ദേശരാഷ്ട്രനിർമിതിയുമായി ബന്ധപെട്ടു രൂപംകൊണ്ട ഏകഭാഷാനയത്തിനെതിരായിട്ടാണ് പ്രധാന വിമർശനം. ബഹുഭാഷാസന്ദർഭത്തെ തിരസ്കരിച്ച ഏകഭാഷയെ ദേശീയഭാഷയായി ഉയർത്തികാണിക്കുന്നതിനെതിരെയാണ് ആഗോളീയമായി വിമർശനം ഉയർന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ആഗോളീകരണം, ഭാഷാനാശം, ഇംഗ്ലീഷിന്റെ അപ്രമാദിത്വം, ഉപഭാഷാദേശീയത, ഭാഷാസ്വത്വം, ന്യൂനപക്ഷഭാഷാവകാശങ്ങൾ, ഭാഷാപുനർജീവനം എന്നിങ്ങനെയുള്ള വിവിധ പഠനമേഖലകൾ ഭാഷാസൂത്രണവുമായി കണ്ണിചേർന്നു. വിവിധ ഭാഷോപയോഗസന്ദർഭങ്ങളായ വീട്, വിദ്യാഭ്യാസം,

നിയമം, മാധ്യമം, വാണിജ്യം, കമ്പോളം, മതം, ശാസ്ത്രസാങ്കേതികത എന്നിങ്ങനെയുള്ള ഭാഷാപ്രയോഗമണ്ഡലങ്ങളിൽ മാതൃഭാഷയുടെ സാന്നിധ്യം ഉണ്ടാകണമെന്ന് പരക്കെ ചർച്ചയുയർന്നു. എങ്കിലും അധിനിവേശരാജ്യങ്ങളിൽ ഇംഗ്ലീഷ് മേധാവിത്വം തുടർന്നു. ഇന്ത്യയുൾപ്പടെ പല ഇടങ്ങളിലും മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരങ്ങൾ തുടരുന്നുവെങ്കിലും പൂർണമായി ദേശീയഭാഷകൾക്ക ഔദ്യോഗിക അംഗികാരം ഉറപ്പുവന്നിട്ടില്ല. ഭാഷാജനാധിപത്യം ഇന്നും സജീവ ചർച്ചാമേഖലയാണ്. കേരളത്തിന്റെയും സ്ഥിതി മറിച്ചല്ല(പി പവിത്രൻ 2014). ആമുഖമായി ഇത്രയും പറഞ്ഞുകൊണ്ട് കേരളത്തിന്റെ ഭാഷാസൂത്രണവഴികൾ അന്വേഷിക്കാം. മലയാളഭാഷാസൂത്രണ-ചരിത്രാന്വേഷണത്തിലേക്ക കടക്കുന്നതിനു മുൻപ്, ഒരു ആശയം വ്യക്തമാക്കേണ്ടതുണ്ട്. ഭാഷാസൂത്രണം എന്ന വാക്കിന്റെ ഉപയോഗത്തോടെയാണ് ഭാഷാസൂത്രണം നടപ്പിൽവന്നത് എന്ന പരിമിതമായ നിലപാട് ഈ പഠനം മുന്നോട്ടുവെക്കുന്നില്ല. മലയാള ഭാഷാ ശാസ്ത്രചരിത്ര അന്വേഷണത്തിൽ കെ. എം. പ്രഭാകരവാര്യർ കൈക്കൊണ്ട പദാർത്ഥസമീപനമല്ല ഇവിടെ പിന്തുടരുന്നതെന്നു ചുരുക്കം. ഭാഷയുടെ ഉപയോഗചരിത്രവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സമീപനമാണ് ഭാഷാസൂത്രണത്തിന്റെ വേരുകൾ തിരയാൻ സൗകര്യപ്രദമാകുന്നത്.

## ഭാഷാസൂത്രണത്തിന്റെ തദ്ദേശീയ മാതൃക

ഭാഷാസൂത്രണത്തിന്റെ തദ്ദേശീയ മാതൃകയെക്കുറിച്ചുള്ള അന്വേഷണം രണ്ടു സാധ്യതകൾ തുറന്നിടുന്നുണ്ട്. പ്രാദേശികമായി വികസിച്ച മാതൃകയെന്നും പ്രാദേശികമായി നടപ്പാക്കിയ ഭാഷാസൂത്രണമെന്നും. ഇതിൽ ഒന്നാമത്തേത് സാധാരണ ഭാഷാസൂത്രണചർച്ചകളിൽ കടന്നുവരാറില്ല. ഭാഷാസൂത്രണം എന്ന ആശയത്തെ പിന്താങ്ങിയുള്ള ബോധപൂർവമായ പദ്ധതി നടത്തിപ്പിനെയാണ് ഭാഷാസൂത്രണത്തിൽ ഉൾപെടുത്താറുള്ളത്. ആ രീതിയിൽ പരിശോധിച്ചാൽ 1960 മുതലുള്ള മലയാളസന്ദർഭമേ ഈ ചർച്ചയിൽ ഉൾപെടുത്താനാവു. ഭാഷാസൂത്രണം എന്നതിന്റെ പരിമിതമായ പ്രയോഗാർത്ഥത്തെ അടിസ്ഥാനമാക്കിയാൽ അതിനുമുൻപ് നടന്നിട്ടുള്ള ഭാഷാ ഇടപെടലുകൾ വിസ്മരിക്കേണ്ടിവരും. ആ രീതിയിലുള്ള സമീപനമല്ല ഈ പഠനം മുന്നോട്ടുവയ്ക്കുന്നത്. എല്ലാ ഭാഷകളും മാറ്റത്തിനു വിധേയമാണ് എന്നതുപോലെ അതതു ഭാഷാസമൂഹം ഭാഷയുടെ സാമൂഹിക ഉപയോഗക്രമവും തരങ്ങളും നിശ്ചയിക്കാറുണ്ട്. അതിൽ സഭ്യ -അസഭ്യ, മാന്യ -അമാന്യ, ഉത്തമ -അധമ വേർതിരിവും സാഹിത്യ -സാഹിത്യേതര ഭാഷാക്രമവുമൊക്കെയുണ്ടാകും. മതം, ആത്മീയത എന്നിവയും ഭാഷയും തമ്മിലുള്ള ബന്ധവുമെല്ലാം

പരമ്പരാഗതമായ ഘടനകളാണ്. ഓരോതരം ഭാഷ ഓരോതരം ആവശ്യത്തിന് എന്ന് നിശ്ചയിച്ചുറപ്പിക്കുന്നതു സമൂഹമാണ്. അതോടൊപ്പം സാമൂഹികഭാഷാശാസ്ത്ര ചരങ്ങളൊക്കെ ഭാഷയിൽ സ്വാഭാവികമായിട്ടല്ല പ്രവർത്തിക്കുന്നതെന്ന സാമൂഹികഭാഷാശാസ്ത്രം വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽനിന്നൊക്കെ വ്യക്തമാകുന്നത് ഭാഷയുടെ സാമൂഹികവ്യാകരണം നിർണയിക്കുന്നതിന്റെ പിന്നിൽ തദ്ദേശീയമായ അധികാര ഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ്. വഴക്കമായി മാറിയിട്ടുള്ള ഭാഷാശീലങ്ങൾക്കു പിന്നിൽ അധികാരവ്യാകരണം ഉണ്ടെന്നും അത് നിർണയിച്ചെടുക്കുന്നതിൽ വരേണ്യതാൽപര്യങ്ങൾ പ്രവർത്തിക്കുന്നുവെന്നുമാണ്. ഇത് തദ്ദേശീയ ആസൂത്രണമാതൃകയാണെന്ന് സാമൂഹിക ഭാഷാശാസ്ത്രദൃഷ്ടിയിൽ തെളിയുന്നുണ്ട്.

വാമൊഴിപാരമ്പര്യത്തിൽ ഭാഷയുടെ ഉപയോഗവും ധർമവും നിർണയിക്കപ്പെട്ടിട്ടുണ്ട്. നാടോടിസാഹിത്യരൂപങ്ങളായി കണക്കാക്കുന്ന നാടോടിക്കഥകൾ, നാടോടിപ്പാട്ടുകൾ, പഴഞ്ചൊല്ല്, കടംകഥ തുടങ്ങി എല്ലാംതന്നെ പരിശോധിച്ചാൽ അവ കൃത്യമായ ആസൂത്രണഫലങ്ങളാണ് എന്ന് മനസ്സിലാക്കാം. ഓരോന്നും ഓരോ ഭാഷാരൂപം സ്വികരിക്കുന്നതിന്റെ പിന്നിൽ തദ്ദേശീയമായ ആസൂത്രണം നിലനിൽക്കുന്നുണ്ട്. വരമൊഴി രൂപമെടുക്കുന്നതും ആസൂത്രണഫലമാണെന്ന് ലിപിചരിത്രത്തിൽനിന്നു വ്യക്തമാകുന്നുണ്ട്. വട്ടെഴുത്തിനൊപ്പം ഗ്രന്ഥലിപിയുടെ ഉപയോഗവും ആര്യ എഴുത്തിലേക്കുള്ള വികാസവുമൊക്കെ ബോധപൂർവമായ തിരഞ്ഞെടുപ്പാണെന്നു കാണാം.

ഭാഷാസൂത്രണത്തിന്റെ മലയാളവഴികൾ തിരയുമ്പോൾ എന്താണ് സമീപനരേഖയെന്നു വ്യക്തമാക്കേണ്ടതുണ്ട്. അനൗപചാരികവും ഔപചാരികവുമായ ഭാഷാസൂത്രണവഴികൾ മലയാളത്തിനുണ്ട്. ഔപചാരികമായ ഭാഷാസൂത്രണം ഇരുപതാംനൂറ്റാണ്ടിന്റെ പകുതിക്കുശേഷം രംഗപ്രവേശം ചെയ്ത ഭാഷാ ഇടപെടലുകളാണ്. ഇവയാകട്ടെ ഔദ്യോഗികമായ ഇടപെടലുകളാണ്. എന്നാൽ മലയാളഭാഷയുടെ ആസൂത്രണവഴി ശക്തമായി വേരോടിയിരിക്കുന്നത് ഔപചാരികമായുണ്ടായ ഇടപെടലിനേക്കാൾ അനൗപചാരിക അടരിലാണ്. ഇതിനർത്ഥം ഭാഷാസൂത്രണത്തിൽ ഔദ്യോഗിക ഇടപെടലുകൾ മുമ്പ് ഉണ്ടായിട്ടില്ല എന്നല്ല. 19-ാം നൂറ്റാണ്ടിലെ ഭരണകർത്താക്കളുടെ ഭാഗത്തുനിന്നും ഭാഷാസൂത്രണ സംബന്ധമായ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. ഭാഷാസൂത്രണം ഭരണകൂട ഇടപെടലായി കാലഭേദമെന്യേ കാണാമെങ്കിൽ മലയാളത്തിലെ ഭാഷാസൂത്രണം അന്നേ ഉണ്ടായിരുന്നു എന്നുറപ്പിക്കണം. ഏതായാലും ഭാഷയെ സംബന്ധിച്ച് അത്തരമൊരു പഠനമുഖം

പ്രത്യക്ഷപ്പെട്ടത് പില്ക്കാലത്താണ് എന്നതിലൂന്നിയാൽ ഔദ്യോഗികഭാഷാസൂത്രണം ഐക്യകേരളത്തിൽ ആരംഭിച്ചത് രണ്ടാം ഇ എം എസ് മന്ത്രിസഭയുടെ കാലം മുതലാണ് എന്നുതന്നെ പറയേണ്ടിവരും. അത്തരത്തിലുള്ള വാദപരിശോധനയല്ല ഇവിടെ മുതിരുന്നില്ല. പകരം ഭാഷയുമായി ബന്ധപ്പെട്ടുണ്ടായ ഇടപെടലുകളെ പൊതുവിൽ മലയാളത്തിലെ ഭാഷാസൂത്രണവഴികളായി അടയാളപ്പെടുത്താനാണ് ഇവിടെ ശ്രമിക്കുന്നത്. ചരിത്രപരമായ അന്വേഷണമുഖം ഈ പഠനം പങ്കിടുന്നതുകൊണ്ട് അനൗപചാരികവും ഔപചാരികവുമായ ഭാഷാസൂത്രണദശകളിൽ ഇത് വ്യാപിച്ചുനിൽക്കുന്നുവെന്നു പറയാം.

### മലയാള ഭാഷാസൂത്രണം

മലയാളഭാഷാസൂത്രണം എന്നത് ഈ പ്രബന്ധത്തിൽ വിപുലമായ അർഥത്തിലാണ് ഉൾക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷയുടെ മാധ്യമപരം, ഘടന, ധർമം, വ്യവഹാരിക ഇടങ്ങൾ, സാമൂഹികം, വിനിമയം, വിഭവശേഷി, പ്രസരണം, സാങ്കേതികം തുടങ്ങിയുള്ള ഭിന്ന അടരുകളുമായി ബന്ധപ്പെടുത്തിയാണ് പരിശോധിക്കുന്നത്. ഭാഷയുടെ മാധ്യമപരമായ സവിശേഷതകളായി വാമൊഴി, വരമൊഴി, തിരമൊഴി (ഡിജിറ്റൽ മലയാളം) എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണവഴികളാണ് തിരയുന്നത്. ഘടനാപരമായി മലയാളത്തിലെ ശാബ്ദികവും വ്യാകരണികവും കോശികവും ആർഥികവുമായ പരിണാമവഴികൾ മലയാള ഭാഷാസൂത്രണത്തിനു മിഴിവ് നൽകുന്നുണ്ട്. മലയാളഭാഷ നിർവഹിക്കുന്ന ധർമത്തിന്റെ അടിസ്ഥാനത്തിലും വ്യവഹാരസ്വരൂപത്തിന്റെ അടിസ്ഥാനത്തിലും ഭാഷാസൂത്രണശീലങ്ങൾ കാണാം. സാമൂഹികമായ മലയാളവൈവിധ്യത്തിൽ ഭാഷയുടെ സാമൂഹികാസൂത്രണം പ്രകടമാണ്. വിനിമയശേഷിയും ശീലങ്ങളും പ്രസരണരീതികളും സാങ്കേതികതയുമായുള്ള പൊരുത്തവുമെല്ലാം ഭാഷാസൂത്രണവഴികളായി തിരിച്ചറിയാവുന്നതാണ്. ഇവയോരോന്നും കാലം, നിയന്ത്രണ ഏജൻസി, സാങ്കേതികത, വിനിമയാവശ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ടിരിക്കുന്നു. മിഷണറി പൂർവഭാഷാസൂത്രണം, മിഷണറിമാരുടെ ഭാഷാസൂത്രണം, കൊളോണിയൽ ഭാഷാസൂത്രണം, സ്വാതന്ത്ര്യാനന്തര ഭാഷാസൂത്രണം, വിദ്യാഭ്യാസ ഭാഷാസൂത്രണം, മാധ്യമഭാഷാസൂത്രണം, ലിപി – സാങ്കേതികതാസൂത്രണം, വിഭവശേഷിവികസനാസൂത്രണം എന്നിങ്ങനെയുള്ള ഉപമേഖലകളും ഇതിന്റെ ഭാഗമായി ചർച്ചയിൽ ഉൾപ്പെടും.

### മാധ്യമപരമായ മലയാളാസൂത്രണം

മാധ്യമം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് മൊഴിരൂപങ്ങളെയാണ്.

ഭിന്ന സാങ്കേതികതയുമായി ബന്ധപ്പെട്ട മൊഴിരൂപങ്ങൾ എന്നനിലയിൽ വാമൊഴി, വരമൊഴി, തിരമൊഴി എന്നിങ്ങനെ മാധ്യമപരമായി മലയാളത്തെ കാണാം. വാമൊഴിരൂപങ്ങൾ തൻമൊഴികളും ഭാഷാഭേദങ്ങളും ചേർന്നതാണ്. വൈവിധ്യമാണിതിന്റെ സ്വഭാവം. ഓരോ തലമുറയും അവരവർക്കു പഥ്യമായ വാമൊഴിശീലങ്ങളുമായി ഭാഷയെ സജീവമാക്കുന്നു. ഏകതാനത ഇല്ലാത്തതുകൊണ്ടുള്ള വിനിമയവിടവ് ഭാഷാഭേദങ്ങൾ തമ്മിൽ പ്രകടമാണ്. ഭാഷോപയോഗം ദേശാചാരപരവും ശീലാധിഷ്ഠിതവുമാണ്. വിനിമയവിടവ് നികത്താനുള്ള ശാസ്ത്രീയമായ ഇടപെടലൊന്നും ഇല്ലെങ്കിലും ആവശ്യത്തിനുള്ള വിനിമയം സാധ്യമാക്കാനുള്ള സഹിഷ്ണുത വിനിമയസന്ദർഭത്തിൽ കാണിക്കാറുണ്ട്. എങ്കിലും ഭാഷാഭേദങ്ങൾതമ്മിൽ സാംസ്കാരികമായ ഭിന്നത നിലനിൽക്കുക സ്വാഭാവികം. വാമൊഴി മാത്രമുണ്ടായിരുന്ന കാലത്തു വൈവിധ്യത്തെ ഏകീകരിക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. പ്രാദേശികമായ ഉച്ചാരണശീലങ്ങൾ മറ്റു സാമൂഹികചരങ്ങൾക്കു മേമ്പൊടിയായി വികസിച്ചിരുന്നുവെന്നത് വാമൊഴികാലത്തെ അനൗപചാരികമായ ഭാഷാസൂത്രണമെന്നു മനസ്സിലാക്കാം. മലയാളത്തിന്റെ സാമൂഹികസ്വനവിജ്ഞാനത്തിന്റെ തെളിവുകളുടെ അഭാവം കാരണം പൂർണമായും തീരുമാനിക്കാനും ആവില്ല. ഉച്ചാരണഭേദങ്ങളടിസ്ഥാനമാക്കിയുള്ള സാമൂഹിക മൂല്യനിർണയവും അവ്യവസ്ഥയും നിലനിന്നിരുന്നത് പിൽക്കാല ഭാഷാസൂത്രണത്തിന്റെ ആവശ്യകത വിളിച്ചോതുന്നുണ്ട്. ഉച്ചാരണത്തിലെ മാനകീകരണം ഭാഷാസൂത്രണത്തിൽ നിർണായകമായ ചുവടുവയ്പ്പാണ്. തന്മൊഴികൾക്കും ഭാഷാഭേദങ്ങൾക്കും ഉപരിയായി മലയാളിയുടെ കേരളദേശീയ സ്വത്വനിർമിതിയുമായി ബന്ധപ്പെട്ടു നടപ്പിലാക്കേണ്ടിവന്ന ഭാഷാസൂത്രണവഴികളിലൊന്നാണിത്. അച്ചടിനിഷ്ഠമായ ഉച്ചാരണ ഏകത പാഠപുസ്തകങ്ങളിലൂടെയും അച്ചടി -ശ്രാവ്യമാധ്യമങ്ങളിലൂടെയും പ്രാവർത്തികമാക്കാനുള്ള ആസൂത്രണമായിരുന്നു വിദ്യാഭ്യാസഭാഷാസൂത്രണത്തിലും മാധ്യമഭാഷാസൂത്രണത്തിലും പില്ക്കാലത്തുണ്ടായത്.

### മലയാള വരമൊഴിഭാഷാസൂത്രണം

വരമൊഴിയും ഭാഷാസൂത്രണവും തമ്മിലുള്ള ബന്ധം മലയാളസന്ദർഭത്തിൽ പരിശോധിക്കുമ്പോൾ സാങ്കേതികതയും സാമൂഹികതയുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. എഴുത്തുതന്നെ ഭാഷാസാങ്കേതികതയിൽ ഒന്നാമത്തേതാണ്. ലിപിയുടെ ഉപയോഗം ആരംഭിച്ചതുമുതൽ ഹസ്തലിഖിതരൂപങ്ങൾ പ്രചാരത്തിൽവന്നുവെങ്കിലും മാനകമായ ഏകലിപി തുടക്കത്തിൽ ഉണ്ടായിരുന്നില്ല. പ്രാദേശികലിപിഭേദങ്ങൾക്കൊപ്പം പ്രാദേശികഭാഷാഭേദങ്ങളുടെ

വൈവിധ്യവും ഹസ്തലിഖിതങ്ങളിൽ ലിഖിതാസൂത്രണമില്ലായ്മയെ സൂചിപ്പിക്കുന്നു. അച്ചടി സാങ്കേതികതയിലേക്കു മലയാളവരമൊഴി കടന്നെത്തിയതോടെ സാങ്കേതികത പുതിയ ആസൂത്രണവഴികൾക്കു തുടക്കം കുറിച്ചു. മുദ്രണലിപി നിർമിതിയും പരിഷ്കാരങ്ങളും, മുദ്രണലിപിമാനകീകരണം, ചിഹ്നനവ്യവസ്ഥ നടപ്പാക്കൽ, വിവരശേഷിവികസനം, അച്ചടിമാധ്യമവികാസം തുടങ്ങി വിവിധ മേഖലകളിലൂടെയാണ് അച്ചടിയുമായി ബന്ധപ്പെട്ട ഭാഷാസൂത്രണം മുന്നേറിയത്. ഈ മുന്നേറ്റത്തിൽ മിഷണറിമാരുടെയും കൊളോണിയൽ അധികാരികളുടെയും പ്രാദേശികഭരണകർത്താക്കളുടെയും എഴുത്തുകാരുടെയും ഭാഷാ ഇടപെടലുകളുണ്ടായിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചി, മലബാർപ്രദേശങ്ങളുടെ സംഭാവനകൾ ഐക്യകേരളരൂപീകരണത്തിനുമുമ്പുള്ള വരമൊഴിഭാഷാസൂത്രണത്തിൽ തൊട്ടറിയാം. കേരളപിറവിക്കുശേഷം ഭാഷാസൂത്രണത്തിന്റെ കേന്ദ്രീകൃതമായ മാനകീകരണാസൂത്രണം കാണാം.

### മുദ്രണലിപിനിർമിതിയും പരിഷ്കാരങ്ങളും

അച്ചുനിർമിതിയും ഉപയോഗവും പരിഷ്കാരങ്ങളും ഭാഷാസൂത്രണത്തിന്റെ ഭാഗമാണ്. എന്നാൽ ഭാഷാസൂത്രണചർച്ചകളിൽനിന്ന് ഇത് ഒഴിവാക്കുകയാണ് പതിവ്. ഭാഷാസൂത്രണത്തെക്കുറിച്ചുള്ള പരിമിതജ്ഞാനമാണ് ഇതിനു പിന്നിലുള്ളത്. ഭാഷയുടെ സാങ്കേതികസൗഹൃദചരിത്രം അറിയുമ്പോഴാണ് ഈ രംഗത്ത് നടന്ന ആസൂത്രണം എത്ര വിലപ്പെട്ടതാണെന്നു മനസ്സിലാകുന്നത്.

മലയാളഭാഷയുടെ അച്ചടിചരിത്രത്തിന്റെ പശ്ചാത്തലത്തിൽ അച്ചടിമലയാളവുമായി ബന്ധപെട്ട ചില വസ്തുതകൾ എടുത്തുകാണിക്കാനാണ് ഷിജു അലക്സും ഗ്രന്ഥപ്പുരസംഘവും വിക്കിമലയാളവും ശ്രമിക്കുന്നത്. അക്ഷരങ്ങളുടെ ആകൃതി, അച്ചുനിർമിതി, 'ഈ'യുടെ എഴുത്തിലെ പരിണാമം, സ്വരങ്ങളുടെ അടയാളവികാസവും ഉപയോഗവും സംവൃതോകാരത്തിന്റെ എഴുത്തുമുറകൾ, ചന്ദ്രക്കലയുടെ വികാസവും വൈവിധ്യവും (ഷിജു അലക്സും കൂട്ടരും മലയാളം റിസേർച്ച് ജേർണൽ ചന്ദ്രക്കല എന്ന ലേഖനത്തിൽ വിശദമാക്കിയിട്ടുണ്ട്), കൂട്ടക്ഷരങ്ങളുടെ എഴുത്തുരീതിയും പരിണാമവും, 'ന്റ', ഴയുടെ ഭിന്ന എഴുത്തുകൾ വട്ടെഴുത്തിലില്ലാതിരുന്നതും കോലെഴുത്തിൽ ഉണ്ടായിരുന്നതുമായ ഏ, ഓ എന്നീ ദീർഘസ്വരങ്ങളുടെ അച്ചടിയിലെ സാന്നിധ്യം എന്നിങ്ങനെ അക്ഷരസംബന്ധമായ ഒട്ടേറെ ആസൂത്രണം അച്ചടിയുമായി ബന്ധപെട്ടു നടന്നിട്ടുണ്ട്. ചിഹ്നനത്തിന്റെ മലയാളത്തിലെ ഉപയോഗവും വികാസവും പഠനവിധേയമാക്കിയിട്ടുണ്ട്. അവയെക്കുറിച്ചുള്ള നിരവധി നിരീക്ഷണങ്ങൾ

ഷിജുഅലക്സും ഗ്രന്ഥപ്പുരസംഘവും അവതരിപ്പിച്ചിട്ടുള്ളതിനാൽ അതാവർത്തിക്കുന്നില്ല. ആ പഠനങ്ങളുടെ വെളിച്ചത്തിൽ അച്ചും അച്ചടിയും കൂട്ടിയുള്ള സാങ്കേതികാസൂത്രണത്തിന് സവിശേഷ പരിഗണന ഈ പഠനത്തിൽ നൽകുന്നു.

മലയാളലിപിപരിണാമത്തെക്കുറിച്ച് നടന്നിട്ടുള്ള മൊത്തം പഠനങ്ങളെയും പശ്ചാത്തലമാക്കിക്കൊണ്ട് വേണം തുടർന്നുള്ള ഭാഗത്തെ കാണാൻ. ലിപി പരിഷ്കരണം ഓരോകാലത്തും നടന്നിട്ടുണ്ട്. അവയെ മുമ്പ് പറഞ്ഞ മലയാളം വിക്കിക്കൂട്ടായ്മയുടെ ശ്രമങ്ങളുമായി ചേർത്തുവച്ച് ലിപിപരിഷ്കരണത്തെയും ആസൂത്രണത്തെയും കാണേണ്ടതുണ്ട്. ഡിജിറ്റൽ മാധ്യമവും മലയാളവുമായുള്ള സവിശേഷബന്ധം യൂണികോഡ് മലയാളത്തിലെത്തിയതെങ്ങനെയെന്നതിനെക്കുറിച്ചും വിശദമായ അവതരണങ്ങൾ ഉണ്ടായിട്ടുണ്ട്. അതും ഈ സന്ദർഭത്തിൽ സവിശേഷപശ്ചാത്തലമായി കാണണം.

## ലിപിമാനകീകരണം

മലയാളത്തിന്റെ പഴയലിപി ബ്രഹ്മിയുടെ ദ്രാവിഡവകഭേദമായ വട്ടെഴുത്താണ്. കൊച്ചിക്കുവടക്കു കോലെഴുത്തായിരുന്നു. അതിൽ വട്ടെഴുത്തിൽനിന്ന് വ്യത്യസ്തമായി ഏ, ഓ എന്നീ ദിർഘ സ്വരങ്ങൾക്കു പ്രത്യേകം ലിപിയുണ്ടായിരുന്നു. തെക്കൻപ്രദേശങ്ങളിലെ വട്ടെഴുത്തുരൂപം മാലയാണ്മ എന്നാണ് അറിയപ്പെട്ടിരുന്നത്. പൊതുവിൽ സംയുക്തവ്യഞ്ജനങ്ങൾ, ഘർഷങ്ങൾ, നാദിസ്പർശങ്ങൾ മഹാപ്രാണസ്പർശങ്ങൾ ഇവയ്ക്കൊന്നും രണ്ടു രൂപങ്ങളിലും ചിഹ്നങ്ങളില്ലായിരുന്നു. പിൽക്കാലത്തു സംസ്കൃതപദങ്ങൾ എഴുതുന്ന സന്ദർഭങ്ങളിൽ ഗ്രന്ഥാക്ഷരം ഉൾപെടുത്തുക പതിവായിരുന്നു. ലഭിച്ച ആദ്യത്തെ ലിഖിതമായ വാഴപ്പള്ളി ചെപ്പേടിൽ (ഏ.ഡി. 832) ഈ മിശ്രലിഖിതം കാണാം. ഏ.ഡി. 13-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയോടുകൂടി മലയാളലിപിയുടെ വ്യവസ്ഥാവൽക്കരണം പൂർത്തിയായി. ഗ്രന്ഥലിപിയിൽ എഴുതിയിരുന്ന സംസ്കൃതവർണങ്ങളെ ദ്രാവിഡവർണങ്ങളുമായി എഴുത്തച്ഛൻ കൂട്ടിയിണക്കിയതോടെ മലയാളഭാഷയുടെ വർണസമ്പത്ത് ഏതുഭാഷയെയും ഉൾകൊള്ളുന്നതരത്തിൽ വളർന്നു. ഈ ശ്രമം ആര്യ എഴുത്തു അനുശീലിക്കാൻ സഹായകമായ ലിപിപരിഷ്കരണമായിരുന്നു. ആധുനിക മലയാളലിപി ഗ്രന്ഥലിപിയിൽനിന്ന് ഉരുത്തിരിഞ്ഞുവന്നതാണ്. തുളുവും ഉപയോഗിച്ചത് ഇതേലിപി തന്നെ. അതുകൊണ്ട് ഈ പൊതുലിപി തുളു -മലയാളം ലിപി എന്നാണ് അറിയപ്പെട്ടിരുന്നത്.

### അച്ചനിർമ്മിതിയിലെ ആസൂത്രണം

മലയാളം ഫോണ്ടുകളുടെ ചരിത്രവും പ്രധാനമാണ്. മലയാളലിപി ചിത്രമായിട്ട് അച്ചടിച്ച ഹോർത്തൂസ് മലബാറിക്കൂസ്, റോമിൽ അച്ചുവാർത്ത് മലയാള ലിപി ഉപയോഗിച്ച് അച്ചടിച്ച സംക്ഷേപവേദാർത്ഥം ഫോണ്ട് (1772), റോബർട്ട്ഡ്രുമ്മൻഡിന്റെ മലയാളവ്യാകരണം അച്ചടിച്ച ബോംബെ കുറിയർ ഫോണ്ട് (1799), ബെഞ്ചമിൻ ബെയ്‌ലി ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ അച്ചടിച്ച മദ്രാസ് ഫോണ്ട് (1824), ബെഞ്ചമിൻ ബെയ്‌ലി പരിഷ്കരിച്ച ഫോണ്ട്, അച്ചടിസാങ്കേതികതയുടെ വികാസത്തിന്റെ ഭാഗമായി വികസിച്ചതും ഡിജിറ്റൽസാങ്കേതികതയുടെ ഭാഗമായ മലയാളം കമ്പ്യൂട്ടിങ് രൂപംകൊടുത്ത ഫോണ്ടുകൾവരെയുള്ളവയുടെ പരിണാമം ഭാഷാസൂത്രണത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്.

### കൂനമ്മാവ് ആശ്രമ അച്ചുകൂടവും ലിപിപരിഷ്കരണവും

കൂനമ്മാവ് ആശ്രമത്തിൽ 1870-ൽ ചാവറയച്ചന്റെ നേതൃത്വത്തിൽ ഒരു അച്ചുകൂടം തുടങ്ങി. ചാവറയച്ചന്റെ നിര്യാണത്തിനു (1871)ശേഷം കൂനമ്മാവ് ആശ്രമ അച്ചുകൂടത്തിൽ അച്ചടിച്ച പുസ്തകങ്ങളിൽ (1872-1873 വർഷങ്ങളിൽ) ഉകാരത്തിന്റെയും ഊകാരത്തിന്റെയും ചിഹ്നങ്ങൾ പ്രത്യേക അച്ചുകൾ ഉപയോഗിച്ച് പിരിച്ച് എഴുതുന്ന രീതി സ്വീകരിക്കുകയും കുറച്ചധികം പുസ്തകങ്ങൾ അപ്രകാരം അച്ചടിക്കുകയും ചെയ്തു. 1971ലെ ലിപിപരിഷ്കരണത്തിൽ ഉകാര/ ഊകാരങ്ങൾക്കായി പ്രത്യേക ചിഹ്നങ്ങൾ അവതരിപ്പിച്ചതിനു സമാനമായി, അതിനും 100 വർഷങ്ങൾക്ക് മുൻപ് നടന്ന ലിപിപരിഷ്കരണശ്രമമായിരുന്നു ഇത് (ഷിജു അലക്സ് shijualex.in).

ലിപിപരിഷ്കരണത്തെക്കുറിച്ച് കണ്ടത്തിൽ വർഗീസ് മാപ്പിള (1887 ഓഗസ്റ്റ് 1 )എഴുതിയ ലേഖനം, ഭാഷാഭിമാനി എഴുതിയ മലയാളഭാഷയുടെ അക്ഷരങ്ങൾ (1908 ഓഗസ്റ്റ് 18 ), മലയാളഭാഷയും ടൈപ്പ്റൈറ്റിംഗ് യന്ത്രവും (1908 ഓഗസ്റ്റ് 18 ), ടൈപ്പ്റൈറ്റർ (1908 സെപ്റ്റംബർ 15)എന്നീ മുഖലേഖനങ്ങളുമെല്ലാം ഭാഷാസൂത്രണവുമായി ബന്ധപ്പെട്ടുനടന്ന നസ്രാണിദീപികയുടെ ഇടപെടലാണ്.

കണ്ടത്തിൽ വർഗീസ് മാപ്പിള കെ. എ. വി. എം എന്ന ചുരുക്ക പേരിൽ 'മലയാള മുദ്രാക്ഷരങ്ങൾ 'എന്ന ലേഖനം നസ്രാണിദീപികയിൽ പ്രസിദ്ധികരിച്ചു. ഈ മാതൃക തത്വത്തിൽ അംഗീകരിക്കുന്നുവെന്ന് പത്രം അടിക്കുറിപ്പുനല്കി (സെഡ് എം മൂഴൂർ, 2005:71-73). "വർഗീസ് പദ്ധതി രണ്ടുമൂന്നു വർഷം വലിയ സംവാദത്തിനിടയാക്കി. 1908-ൽ സൂത്രലിപികളുടെ ഒരു സമ്പൂർണപദ്ധതി

ദീപിക മുഖലേഖനത്തിലൂടെ (സൂത്രലിപികൾ, 1908 ജൂലൈ 16) അവതരിപ്പിച്ച 'ചില അക്ഷരങ്ങളിൽ ഭേദഗതി വരുത്തിയാൽ അക്ഷരസംഖ്യ കുറയ്ക്കുവാൻ കഴിയും എന്നതാണ് ഈ പദ്ധതിയുടെ നേട്ടം. ഈ ഭേദഗതിയിൽ ഒന്നാമതായിട്ട് 'ഉ 'കാരത്തെയും 'ഊ'കാരത്തെയും സംബന്ധിച്ചുള്ളതാകുന്നു. ഹല്ലുകളെ പെരുക്കുന്നതിന് ഉപയോഗിക്കുന്ന അച്ചുകളിൽ ആ എന്നതിന് അടയാളം മുൻപ് തന്നെയുണ്ട്. ഇ ക്കും ഈ ക്കും മുകളിൽ ി, ീ എന്നും വള്ളിയും കെട്ടുവള്ളിയും ഉപയോഗിച്ചാൽ മതിയെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. എ, ഐ, ഓ ഈ സ്വരങ്ങൾക്കും യഥാക്രമം െ, േ, ൈ എന്നിങ്ങനെയുള്ള ചിഹ്നങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉകാരത്തെയും ു ഇതിന്റെ പെരുക്കത്തെയും ൂ എന്നിവ ചേർത്തുള്ള പെരുക്കത്തെയും സംബന്ധിച്ച് എളുപ്പമായ വ്യവസ്ഥ ചെയ്തിട്ടില്ല."(സെഡ് എം മൂഴൂർ, 2005:71-73 ) ഉ, ഊ എന്നിവയ്ക്കുള്ള അടയാളങ്ങൾ ദീപിക അവതരിപ്പിച്ചു .

"ദീപിക പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച പരിഷ്കാരഫോർമുല കൂനമ്മാവിൽ പ്രസ് സ്ഥാപിച്ച ഫാ. ജെരാർദ് ബൊക്കാറോ രൂപം കൊടുത്തതാണെന്ന് സൂത്രലിപികളെക്കുറിച്ചുള്ള ലേഖനത്തിൽ കുറിപ്പ് കൊടുത്തിരുന്നു. 1876 ലാണ് അദ്ദേഹം കൂനമ്മാവിൽ എത്തുന്നത് (വാഴ്ത്തപ്പെട്ട ചാവറ കുറിയാക്കോസ് അച്ചനോടോപ്പം സ്ത്രീകൾക്കുള്ള കർമലീത്താ സന്ന്യാസസമൂഹം സ്ഥാപിച്ച ലെയോ പോൾദ് പാതിരിയുടെ സഹോദരനായിരുന്നു ജെരാർദ് ബൊക്കാറോ (സെഡ് എം മൂഴൂർ, 2005 ). ഷിജു അലക്സിന്റെ നിഗമനപ്രകാരം ജെരാർദ് ബൊക്കാറോ എത്തുന്നതിനുമുമ്പുതന്നെ കൂനമ്മാവ് അച്ചുകൂടത്തിൽ മേല്പറഞ്ഞ ലിപിപരിഷ്കരണം നടപ്പിൽവന്നിരുന്നു. 'മലയാളഭാഷയുടെ അക്ഷരങ്ങൾ' എന്ന തലക്കെട്ടിൽ ഒരു ഭാഷാഭിമാനി (തൂലികാനാമം, നസ്രാണിദീപിക, 1908 ആഗസ്റ്റ് 18) ദീപികയുടെ അക്ഷരപരിഷ്കാരത്തെ ഒന്നുകൂടി പരിഷ്കരിച്ചിരുന്നു. സ്വരാക്ഷരങ്ങൾക്കു 7, വ്യഞ്ജനാക്ഷരങ്ങൾക്ക് 35 , ഴ ,റ എന്നിവയ്ക്ക് 2, ചന്ദ്രക്കലയ്ക്ക് 1, അക്കങ്ങൾക്ക് 10, ചിഹ്നങ്ങൾക്ക് 6 എന്നിങ്ങനെ ആകെ 70 ആണികൾ കൊണ്ടുമാത്രം മലയാളഭാഷ അച്ചടിക്കും ടൈപ്പ്റൈറ്റിംഗിനും ഉപയോഗിക്കാം എന്നതായിരുന്നു ലേഖന സാരം'' (സെഡ് എം മൂഴൂർ 2005).

ടൈപ്പ്റൈറ്റിംഗിനു ചേരുന്നവിധം മലയാളലിപിപരിഷ്കരിക്കാനുള്ള ദീപികയുടെ ശ്രമം മലയാളഭാഷയും ടൈപ്പ്റൈറ്റിംഗ്യന്ത്രവും (മുഖലേഖനം, 1908 ആഗസ്റ്റ് 18 ), ടൈപ്പ്റൈറ്റർ യന്ത്രം (മുഖലേഖനം, 1908, സെപ്റ്റംബർ 15) എന്നീ മുഖലേഖനങ്ങളിൽ കാണാനാവും. എന്നാൽ ഇതിനെതിരെയുള്ള ന്യായങ്ങൾ പത്രങ്ങളായ ഭാരതശോഭിനിയിലും വിജ്ഞാനമഞ്ജരിയിലും

അക്കാലത്തു ശക്തമായി അവതരിപ്പിച്ചിരുന്നു. ഫലത്തിൽ ദീപിക അവതരിപ്പിച്ച നവീകരണം വൈകിപ്പിക്കാനേ ഈ ചർച്ചകൾക്ക് കഴിഞ്ഞുള്ളുവെന്നു ഇന്നു നമുക്കറിയാം.

സർക്കാരിന്റെ ആഭിമുഖ്യത്തിൽ ശൂരനാട് കുഞ്ഞൻപിള്ള, എൻ വി കൃഷ്ണവാരിയർ തുടങ്ങിയവരുടെ ലിപി പരിഷ്കരണം, പിന്നീട് ഡോ വി ആർ പ്രബോധചന്ദ്രൻനായരുടെ അദ്ധ്യക്ഷതയിൽ സർക്കാർനിയമിച്ച സമിതിയും ശുപാർശകൾ നൽകിയിട്ടുണ്ട്. ടൈപ്പ്റൈറ്ററും കമ്പ്യൂട്ടർ സാങ്കേതികതയുമൊക്കെ ലിപിമാനകീകരണം നടത്താൻ വഴിവച്ചിട്ടുണ്ട്.

### ഭാഷാസൂത്രണത്തിന്റെ ഭാഗമായുള്ള മലയാളലിപിപരിഷ്കരണം

1772-ലാണ് സംക്ഷെപവെദാർത്ഥം റോമിൽ അച്ചടിച്ചത്. ദീർഘചതുരാകൃതിയിലുള്ള അക്ഷരങ്ങളായിരുന്നു. ആയിരത്തിലേറെ ലിപിരൂപങ്ങൾ വേണ്ടിവന്നു അച്ചടിക്ക്. 1829 ൽ കേരളത്തിൽ ബെഞ്ചമിൻബെയ്‌ലി പുതിയനിയമം അച്ചടിച്ചത് വക്രലിപി ഉപയോഗിച്ചാണ്. ഈ പരിഷ്കരണത്തിനുശേഷം ടൈപ്പ്റൈറ്ററിന്റെ ഉപയോഗം വന്നപ്പോൾ നസ്രാണിദീപിക പുതിയ സാങ്കേതികതയ്ക്കുവേണ്ടി ലിപിപരിഷ്കരണം മുന്നോട്ടുവച്ചെങ്കിലും വലിയ വിമർശനങ്ങൾ ഉണ്ടായതുകാരണം നടപ്പിൽവന്നില്ല. തുടർന്ന് വ്യഞ്ജനങ്ങളിൽനിന്നും സംയുക്തങ്ങളിൽനിന്നും സ്വരാക്ഷരങ്ങളെ വേർപെടുത്തി ഉപയോഗിക്കുന്ന രീതി ആരംഭിച്ചു. അച്ചടിയുമായി ബന്ധപ്പെട്ടു മലയാളത്തിലെ ലിപിസങ്കീർണ്ണത അക്കാലത്തു പ്രധാന ചർച്ചയായിരുന്നു. ശൂരനാട് കുഞ്ഞൻപിള്ളയുടെ അധ്യക്ഷതയിൽ ലിപിപരിഷ്കരണസമിതി 1967-ൽ കേരളസർക്കാർ രൂപീകരിച്ചു. സമിതിയുടെ ശുപാർശ നിലവിലെ ലിപിവ്യവസ്ഥയിൽനിന്ന് 25% കുറവു വരുത്തണമെന്നായിരുന്നു. ഈ നിർദേശങ്ങൾ പരിശോധിക്കാനായി 1969-ൽ മറ്റൊരു സമിതിയെ നിയമിച്ചു. പുതിയ സമിതി മുൻസമിതിയുടെ ശുപാർശമേൽ ചിലപരിഷ്കാരങ്ങൾ കൂടി നിർദേശിച്ചു. പൊതുവിൽ ഉ, ഊ, ഋ, ഞ എന്നിവയുടെ മാത്രകൾ വ്യഞ്ജനത്തിൽനിന്നും വിട്ടുവിക്കുക, പ്രചാരം കുറഞ്ഞ കൂട്ടക്ഷരങ്ങൾ ചന്ദ്രക്കല ഉപയോഗിച്ച് പിരിച്ചെഴുതുക എന്നിവയായിരുന്നു പ്രധാന നിർദേശങ്ങൾ. ഇവ അംഗീകരിച്ച് 1971 മാർച്ച് 23 ന് സർക്കാർ ആ വർഷത്തെ വിഷുദിനം (1971 ഏപ്രിൽ 15 ) മുതൽ നടപ്പിൽവരുന്നതായി പ്രഖ്യാപിച്ചു ഉത്തരവിറക്കി (ജി .ഒ (പി )37 / 71 /edn ). ഇതോടെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച ലിപിയിലായി. എങ്കിലും സിനിമാപരസ്യങ്ങളിലും നോട്ടീസുകളിലും കവർപേജിലും മാഗസിനുകളിലും ചുവരെഴുത്തിലുമൊക്കെ പഴയ ലിപി സമാന്തരമായി നിലനിന്നു. രണ്ടുലിപികളിലും മലയാളം ലഭ്യമായിരുന്നു.

മലയാളത്തനിമ

“കേരളപാണിനിയുടെ പ്രശസ്തകൃതികൾക്കും മാരാരുടെ മലയാളശൈലിക്കും ശേഷം നമ്മുടെ ഭാഷയിലുണ്ടായിട്ടുള്ള പുരോഗതിയെ ആകെ വിലയിരുത്തി കഴിഞ്ഞ നാലഞ്ചു ദശകങ്ങളിൽ ഭാഷയ്ക്കു കിട്ടിയ സ്വത്തിൽ തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടത് കൊള്ളുകയും ചെയ്യാൻ ഒരു ശ്രമം നടക്കണം. എങ്കിൽ മാത്രമേ വളർന്നുകൊണ്ടിരിക്കുന്നതും മലയാളികളുടെ സ്വന്തവുമായ ഒരു മലയാളഭാഷ രൂപംകൊള്ളുകയുള്ളൂ “എന്ന ഇ എം എസ്സിന്റെ ആശയത്തിൽനിന്നാണ് ‘മലയാളത്തനിമ’യുടെ പിറവി (ഡോ എം ആർ തമ്പാൻ, വി പദ്മനാഭൻ, ആമുഖം ഡോ വി ആർ പ്രബോധചന്ദ്രൻനായർ 1999).

‘ലിപിമാനകീകരണത്തിനു നാന്ദികുറിച്ച മലയാളത്തനിമ’ എന്നാണ് കൺവീനറായ എം ആർ തമ്പാൻ മലയാളം അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തകത്തിൽ അവകാശപ്പെടുന്നത്. എന്നാൽ ചരിത്രപരമായ ഒരു പിശകായേ ഈ “നാന്ദി”യെ കാണേണ്ടതുള്ളൂ. “മലയാളത്തിലെ ലിപിവിന്യാസം, ചിഹ്നനം, അകലമിടൽ, പദവിഭജനം തുടങ്ങിയകാര്യങ്ങളിലെല്ലാം പല അവ്യവസ്ഥകളും ഇന്നുണ്ട്”. 1973 ൽ ശ്രീ എൻ വി കൃഷ്ണവാരിയരുടെ നേതൃത്വത്തിൽ തുടങ്ങിവച്ച പരിശ്രമങ്ങൾ പ്രസ്തുത ലക്ഷ്യം മുൻനിറുത്തിയാണ്. 1998 ആഗസ്റ്റിൽ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസും (മൈസൂർ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി നടത്തിയ ശില്പശാലയിൽ കേരള സർവകലാശാലയിലെ ഭാഷാശാസ്ത്രവിഭാഗം, കേരള സാഹിത്യഅക്കാദമി, എസ് സി ഇ ആർ ടി, സർവവിജ്ഞാനകോശം, പ്രസ് അക്കാദമി, ഐ എസ് ഡി എൽ, സംസ്ഥാന ഭരണഭാഷാവകുപ്പ് എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു. പൊതുജനത്തിന്റെയും വിദഗ്ധരുടെയും നിർദേശങ്ങൾ സ്വീകരിച്ച ഡോ വി ആർ പ്രബോധചന്ദ്രൻ നായർ ചെയർമാനായ വിദഗ്ധസമിതിയുടെ തീരുമാനങ്ങൾ കേരള സർവകലാശാല ലെക്സിക്കൻ വകുപ്പ് 1999 മാർച്ച് 19-20 തീയതികളിൽ സംഘടിപ്പിച്ച ലിപി സെമിനാറിൽ അവതരിപ്പിച്ചു. യൂനിക്കോഡ് വ്യവസ്ഥയിൽ ഭാഷയെ സജ്ജമാക്കാനായി ശ്രീ. ഗോവിന്ദപിള്ള ചെയർമാനായി മറ്റൊരു കമ്മിറ്റിയും നിലവിൽവന്നു. ഡോ വി ആർ പ്രബോധചന്ദ്രൻ അദ്ധ്യക്ഷനായ കമ്മിറ്റിയും ശ്രീ. ഗോവിന്ദപിള്ള അദ്ധ്യക്ഷനായ കമ്മിറ്റിയും സംയുക്തമായി മാനകീകൃതലിപിവിന്യാസത്തിന്റെ മാർഗരേഖകൾ നിശ്ചയിച്ച സ്റ്റൈൽ പുസ്തകം തയ്യാറാക്കി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചു. ഇത്തരത്തിലുള്ള സ്റ്റൈൽ പുസ്തകങ്ങൾ ഓരോ പത്രങ്ങൾക്കും സ്വന്തമായുണ്ട്. എന്നാൽ ഇവയെല്ലാം ചേർത്തുള്ള ലിപിമാനകീകരണം ഇനിയും നടപ്പായിട്ടില്ല എന്നത് ആസൂത്രണമാന്ദ്യമായി കാണേണ്ടതുണ്ട്.

ഡിജിറ്റൽ കാലത്തെ ലിപിപരിഷ്കരണം

ആപ്പിൾ ലിപിസാങ്കേതികതയിലൂടെ പരിഷ്കരിച്ചലിപി ഉപയോഗിച്ച് 1990 മുതൽ അച്ചടിയിൽ പ്രവേശിച്ചു.1998 ൽ രചന അക്ഷരവേദി പഴയ ലിപി കേന്ദ്രീകൃതമായി കമ്പ്യൂട്ടർ സാങ്കേതികതയെ മാറ്റിയെടുത്ത രചന ഫോണ്ട് വികസിപ്പിച്ചു. 2001 ഓടെ യൂണികോഡ് മലയാളത്തിലെത്തി പഴയലിപിയിലും അച്ചടിക്കാമെന്ന ഡിജിറ്റൽ സാധ്യത തെളിയിച്ചു. തുടർന്ന് രചന യൂണികോഡ് സങ്കേതത്തിലേക്കുമാറി. യൂണികോഡും മലയാള ലിപിയും എന്ന വിഷയത്തിൽ ക്രമാനുഗതമായ വികാസം കീർത്തി വിദ്യാസാഗർ (2019) വിശദമായി നല്കിയിട്ടുള്ളതുകൊണ്ടു അതിവിടെ ആവർത്തിക്കുന്നില്ല. 2006 മുതൽ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ് വിവിധ മലയാളം ഫോണ്ടുകൾ വികസിപ്പിച്ചു. ഇതോടൊപ്പം ഗൂഗിളും മൈക്രോസോഫ്റ്റും അവരുടേതായ ഫോണ്ടുകൾ വികസിപ്പിച്ചുപയോഗിക്കുന്നു. കംപ്യൂട്ടർസാങ്കേതികതയ്ക്കും മൊബൈൽ സാങ്കേതികതയ്ക്കും ഉപയോഗിക്കാവുന്ന ഡിജിറ്റൽ ലിപിവ്യവസ്ഥ മലയാളത്തിന് ഇന്നുണ്ട്.

വിദ്യാഭ്യാസ ഭാഷാസൂത്രണം

സാക്ഷരത ആർക്കാകാം, ആർക്കരുത് എന്ന് നിശ്ചയിക്കുന്നതും ബോധപൂർവമായ ഇടപെടൽത്തന്നെ. സംഘകാലത്തു ലിപിപരിചയത്തിനു സാമൂഹിക വേർതിരിവില്ലായിരുന്നു. ബൗദ്ധകാലത്തു ആരംഭിച്ച എഴുത്തുപള്ളികളിലും ഇല്ലായിരുന്ന വേർതിരിവാണ് ബ്രാഹ്മണാധിപത്യത്തോടെ കേരളത്തിൽ വരേണ്യ വിദ്യാഭ്യാസ ആസൂത്രണത്തിൽ അരങ്ങേറിയത്. വിദ്യാഭ്യാസാസൂത്രണത്തെ പല കാലഘട്ടങ്ങളിലായും പഠനനിലകളിലായും പഠനസൗകര്യങ്ങളുടെയും ഉള്ളടക്കാസൂത്രണത്തിന്റെ തലത്തിലും വിദ്യാഭ്യാസ- മാധ്യമതലത്തിലും പരിശോധിക്കേണ്ടതുണ്ട്. കാലഘട്ടങ്ങളനുസരിച്ചു കൊളോണിയൽപൂർവം, കൊളോണിയൽ, ഉത്തരകൊളോണിയൽ എന്നിങ്ങനെ തിരിച്ചു മനസിലാക്കാം. പഠനനിലകളിൽ പ്രാഥമികം, മധ്യമം, ഉന്നതം എന്നിങ്ങനെ വിദ്യാഭ്യാസനിലകളായും സാമൂഹികമായി സാക്ഷരതാവിദ്യഭ്യാസമായും തിരിക്കാം. പഠനസൗകര്യങ്ങൾ ഓരോ കാലത്തും എന്തായിരുന്നുവെന്നറിയുന്നതും പ്രധാനമാണ്. വിദ്യാഭ്യാസ മാധ്യമം സർവഥാ ഭാഷാസൂത്രണ പരിധിയിൽപെടുന്നു. വൈജ്ഞാനികവിദ്യാഭ്യാസവും ഭാഷാവിദ്യാഭ്യാസവും ഉള്ളടക്കാസൂത്രണത്തെ പ്രതിനിധാനം ചെയ്യുന്നു.

മലയാളഭാഷ വിദ്യാഭ്യാസത്തിനായി ഉപയോഗിച്ചതു മുതലാണ് വിദ്യാഭ്യാസാസൂത്രണം ആരംഭിച്ചത്. ഇതാകട്ടെ കേരളത്തിന്റെ വിദ്യാഭ്യാസ

ചരിത്രവുമായി ചേർത്തുവച്ച് മനസ്സിലാക്കേണ്ടിയിരിക്കുന്നു. മലയാളവിദ്യാ
ഭ്യാസാസൂത്രണം പ്രധാനമായും മൂന്ന് ചരിത്രഘട്ടങ്ങളെ കൂട്ടിയിണക്കുന്നുണ്ട്.
കൊളോണിയൽ പൂർവഘട്ടം, കൊളോണിയൽ കാലം കൊളോണിയൽ
അനന്തരഘട്ടം എന്നിങ്ങനെ സാമാന്യമായി ഘട്ടവിഭജനം നടത്താം. കേര
ളത്തിലെ വിദ്യാഭ്യാസഭാഷാസൂത്രണം മതവ്യാപനവും വിദ്യാഭ്യാസചരിത്രവു
മായി ഇഴചേർന്നിട്ടുണ്ട്. ബുദ്ധിസ്റ്റ് വിഹാരങ്ങളോട് ചേർന്നാണ് പ്രാഥമിക
സാക്ഷരതാ പരിശീലനകേന്ദ്രങ്ങളായ എഴുത്തുപള്ളികൾ പ്രവർത്തിച്ചിരുന്നത്.
ജ്ഞാനപ്രസരണവും മതാനുഷ്ഠാനപരിശീലനവും വിഹാരകേന്ദ്രിതമായിരുന്നു.
ബ്രാഹ്മണാധിനിവേശത്തെത്തുടർന്ന് ക്ഷേത്രകേന്ദ്രിതവിദ്യാഭ്യാസം പ്രചാരം
നേടി. ശാലകളും സഭാമഠങ്ങളും ബ്രാഹ്മണ വിദ്യാഭ്യാസ കേന്ദ്രങ്ങളായി.
വേദം, ഉപനിഷത്ത്, മീമാംസ, വ്യാകരണം, ജ്യോതിഷം തുടങ്ങിയ ഭാരതീയ
ജ്ഞാനപദ്ധതികൾ സംസ്കൃതത്തിലൂടെ വിനിമയം ചെയ്തു. കുലശേഖരകാലത്തും
ക്ഷേത്രകേന്ദ്രിത ബ്രാഹ്മണവിദ്യാഭ്യാസത്തിനുതന്നെയായിരുന്നു പ്രാധാന്യം.
ക്ഷേത്രം മുഖേനയുള്ള സാമൂഹികവിദ്യാഭ്യാസവും നിലനിന്നിരുന്നു. പോർ
ച്ചുഗീസ് ഡച്ച് അധിനിവേശ ഘട്ടങ്ങളിൽ ക്രിസ്ത്യൻ മതപഠനത്തിനായിരു
ന്നു മുൻഗണന. സെമിനാരികൾ പ്രവർത്തനം തുടങ്ങിയത് പോർച്ചുഗീസ്
കാലത്താണ്.

സംഘകാലത്തു വിദ്യാഭ്യാസാവകാശം ആർക്കും നിഷേധിച്ചിരുന്നി
ല്ല. ബ്രാഹ്മണമേധാവിത്തം വന്നതോടെ ബ്രാഹ്മണർ ഒഴികെയുള്ളവർക്ക
ഉന്നതവിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. അതോടൊപ്പം അടിസ്ഥാനജനവി
ഭാഗങ്ങൾക്ക് അക്ഷരജ്ഞാനവും നിഷേധിക്കപ്പെട്ടു. കുലശേഖരകാലത്തു ക്ഷേ
ത്രകേന്ദ്രിതവിദ്യാഭ്യാസത്തിനായിരുന്നു മുൻഗണന. തത്വചിന്ത, വ്യാകരണം,
വേദം, ജ്യോതിഷം എന്നിവയായിരുന്നു ഉന്നതവിദ്യാഭ്യാസ പാഠ്യപദ്ധതി.
വേദപാഠ ശാലകളും സഭാമഠങ്ങളും ബ്രാഹ്മണവിഭാഗത്തിനുള്ളതായിരുന്നു.
അബ്രാഹ്മണർ (ചില വിഭാഗങ്ങൾ) എഴുത്തുപള്ളിയിൽനിന്നും കളരിയിൽ
നിന്നും പ്രാഥമിക എഴുത്തും വായനയും ഗണിതവും പഠിച്ചു. ഭാഷകൂടാതെ
ജ്യോതിഷം, വൈദ്യം, എന്നിവ സവിശേഷമായി ഗുരുകുലങ്ങളിൽനിന്നും
അഭ്യസിച്ചിരുന്നു. സംസ്കൃതസാക്ഷരതക്കും സംസ്കൃതത്തിലുള്ള വിജ്ഞാനത്തി
നുമായിരുന്നു മുൻഗണന. ഭാരതീയവും വരേണ്യവുമായ ജ്ഞാനവിനിമയമായി
രുന്നു അക്കാലത്തു പ്രധാനമായിരുന്നത്. ജ്ഞാനവിനിമയം സംസ്കൃതത്തിൽ
മാത്രമായി പരിമിതപ്പെടുത്തിയിരുന്നുവെന്നതാണ് സവിശേഷമായ അക്കാ
ലത്തെ വൈജ്ഞാനികാസൂത്രണം. നിരവധി സമുദായങ്ങൾക്ക് സാക്ഷരത

August, 2020 മലയാളപച്ച
Volume 01 : No. 11 malayala pachcha

നിഷേധിച്ചുകൊണ്ടുള്ള ബ്രാഹ്മണഭാഷാനയം സംസ്കൃതകേന്ദ്രിതമായി നടപ്പാക്കിയെടുക്കാൻ അവർക്കു കഴിഞ്ഞു. ഈ സാക്ഷരതാനിഷേധത്തെയാണ് മിഷണറി വിദ്യഭ്യാസപദ്ധതി പൊളിച്ചെറിഞ്ഞത്.

**കൊളോണിയൽഘട്ടം**

1835-ലെ മെക്കാളെയുടെ മിനിട്സ് കൊളോണിയൽഭരണകൂടത്തിന്റെ ഭാഷാനയം വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയ ഇന്ത്യൻ ഭാഷകൾ അവികസിതമാണെന്നും അവയിലെ സാഹിത്യം ഇംഗ്ലീഷിലേതിനെ അപേക്ഷിച്ച് മൂല്യമില്ലാത്തതാണെന്നും അതുകൊണ്ട് ഇന്ത്യയ്ക്കുവേണ്ടത് ഇംഗ്ലീഷ് വിദ്യാഭ്യാസമാണെന്നും ഇത് വ്യക്തമാക്കുന്നുണ്ട്. തദ്ദേശീയഭാഷകളുടെ മേലുള്ള ഭാഷാധിനിവേശ നയരേഖയായി ഇതിനെക്കാണാം. ഇന്ത്യക്കാരായിരിക്കുമ്പോൾത്തന്നെ അവർ ചിന്തയിലും താല്പര്യങ്ങളിലും ആംഗലേയ മനസ്സിന് ഉടമകളാകുമ്പോഴേ അവർ ആധുനിക മനുഷ്യരാവൂ. അതിനുവേണ്ടി ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കുന്ന പദ്ധതിയായിരുന്നു മെക്കാളെ മുന്നോട്ടുവച്ചത്. കൊളോണിയൽ ഭാഷാതൽപര്യം നടപ്പിലാക്കാൻ ബാധ്യസ്ഥരായിരുന്നെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ടു മിഷനറിമാർക്കുണ്ടായിരുന്നു. മതപരിവർത്തനം ലക്ഷ്യംവച്ചുകൊണ്ടു പ്രവർത്തിക്കുമ്പോൾ തദ്ദേശീയഭാഷകളെ മെക്കാളെ പാർശ്വവത്കരിച്ചതുപോലെ മിഷനറിമാർക്ക് ചെയ്യാനാവില്ല. അതോടെ അവർ തദ്ദേശീയഭാഷകളിലൂടെയുള്ള പ്രേഷിതപ്രവർത്തങ്ങൾക്കും വിദ്യാഭ്യാസത്തിനും മുൻഗണനന നൽകി. ഇതിനർത്ഥം പൂർണമായും മിഷണറി താല്പര്യങ്ങൾ കൊളോണിയൽ വിരുദ്ധമായിരുന്നു എന്നല്ല. മറിച്ച് പ്രായോഗികമായി വ്യത്യസ്തസമീപനങ്ങൾ സ്വീകരിച്ചിരുന്നു എന്നുമാത്രമാണ്. അന്തിമമായ ലക്ഷ്യം പാശ്ചാത്യവും ക്രിസ്തീയവുമായ ആധുനികമനുഷ്യസൃഷ്ടിതന്നെയായിരുന്നു. ഗുണ്ടർട്ടും ജോർജ്ജുമാത്തനും ഫ്രോൺമേയറും സ്വീകരിച്ച ഭാഷാവഴികൾ ആധുനികശാസ്ത്രബോധം തദ്ദേശീയഭാഷയിലൂടെ എന്നതായിരുന്നു.

മെക്കാളെപദ്ധതി അതേരീതിയിൽ പ്രാവർത്തികമാക്കുക എളുപ്പമല്ല എന്നു മനസിലാക്കിയ അധിനിവേശഭരണാധികാരികൾ 1883-ലെ എഡ്യുക്കേഷൻ കമ്മീഷൻ റിപ്പോർട്ടിൽ ഭാഷാനയത്തിൽ ഭേദഗതികൊണ്ടുവന്നു. യൂറോപ്യൻജ്ഞാനവിനിമയത്തിനു ഇംഗ്ലീഷിനൊപ്പം പ്രാദേശികഭാഷകളും ഉപയോഗിക്കാമെന്നും ഉന്നതവിദ്യാഭ്യാസം പൂർണമായും ഇംഗ്ലീഷിലും താഴ്ന്ന ക്ലാസുകളിൽ തദ്ദേശീയഭാഷാമാധ്യമവും ആകാമെന്ന നയം സ്വീകരിച്ചു. മിഷനറിമാരുടെ വിദ്യാഭാസനയമായിരുന്നു ഇത്. കൊളോണിയൽ ഭാഷാനയത്തിൽ ഭാരതീയഭാഷകളെ തിരസ്കരിച്ചിരുന്നു. പകരം ഇംഗ്ലീഷിനു പ്രാമുഖ്യം

നൽകിയിരുന്നു. അതിൽനിന്നുള്ള വ്യതിചലനം പുതിയ നയപരിഷ്കരണത്തിൽ കാണാം. ഇന്ത്യയുടെ ആധുനികീകരണം പാശ്ചാത്യവത്കരണമാണെന്നു വിശ്വസിക്കുകയും സംസ്കൃതരല്ലാത്ത ഇന്ത്യക്കാരെ ആധുനികരാക്കാനുള്ള ഏകമാർഗം ഇംഗ്ലീഷ്‌വിദ്യാഭ്യാസമാണെന്നു തുറന്നു വിശ്വസിക്കുകയും ചെയ്തിരുന്ന കൊളോണിയൽ ഭരണത്തിന്റെ ഭാഷാസൂത്രണത്തിലെ മാറ്റം അധിനിവേശർക്കും അധിനിവേശിതർക്കും ഗുണംനല്കി. ഇംഗ്ലീഷ് പരിജ്ഞാനമുള്ള വരേണ്യരെ സൃഷ്ടിച്ചതോടൊപ്പം ദേശീയതാബോധം ശക്തിപ്പെടുത്താനും ഇംഗ്ലീഷ് സഹായിച്ചു. ജനാധിപത്യ മൂല്യങ്ങളെക്കുറിച്ച് അറിഞ്ഞുകൊണ്ട് തദ്ദേശീയഭാഷകളെ ആധുനികീകരിക്കാൻ ഇതുവഴി കഴിഞ്ഞു. തദ്ദേശീയ സാഹിത്യപോഷണം, മാധ്യമപ്രചാരം എന്നിവയിലൂടെ തദ്ദേശീയഭാഷകളുടെ ഉപയോഗം ഉയർന്നതോടൊപ്പം ഗദ്യഭാഷാവികസനവും സാധ്യമായി. ദേശീയ പ്രസ്ഥാനം വളർന്നതോടെ ഇംഗ്ലീഷ് ധൈഷണികാടിമത്തം സൃഷ്ടിക്കുന്നുവെന്ന വാദവും ശക്തിപ്പെട്ടു. സ്വാതന്ത്ര്യാനന്തരം പ്രാദേശികഭാഷകളോടൊപ്പം ഇംഗ്ലീഷും നിലനിൽക്കുന്ന കാഴ്ചയും പൂർണമായും തദ്ദേശീയഭാഷകളിലേക്കു ജ്ഞാനവിനിമയം സാധ്യമാക്കണമെന്നുമുള്ള കാഴ്ചപ്പാടും ശക്തമായാധാരകളാണ്.

വിദ്യാഭ്യാസമാധ്യമത്തെക്കുറിച്ചുള്ള കൊളോണിയൽ നയം ഇംഗ്ലീഷ് കേന്ദ്രീകരിച്ചുള്ളതാണ്. ഇന്ത്യൻഭാഷകൾക്ക് പ്രാധാന്യം നൽകുന്ന നയമായിരുന്നില്ല (വുഡ്സ് ഡസ്പാച്ച്,1854). വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നയപ്രസ്താവനയായിരുന്ന മെക്കാളെ മിനിട്സ്. ഇംഗ്ലീഷ് നടപ്പാക്കുമ്പോൾ അത് ഇന്ത്യൻഭാഷകളെ ഇല്ലായ്മ ചെയ്യാനുള്ളതല്ല. ഇന്ത്യൻഭാഷകളിൽ വിദ്യാഭ്യാസം നൽകുകയാണ് സർക്കാർ നയം എങ്കിലും ഇന്ത്യൻഭാഷകളിലെ വിദ്യാഭ്യാസത്തിന് വാണിജ്യപ്രാധാന്യമില്ലാത്തതുകൊണ്ട് പ്രാധാന്യം കൈവരാത്തതാണ്. അധികാരത്തിന്റെയും ധനത്തിന്റേയും ഭാഷയായ ഇംഗ്ലീഷ് വരേണ്യരുടെ ഭാഷയായി ഇന്ത്യയിലും കേരളത്തിലും അംഗീകാരംനേടി.

വ്യത്യസ്ത സമിതികൾ ബ്രിട്ടീഷ്ഭരണകാലത്തും സ്വതന്ത്ര ഇന്ത്യയിലും ദേശഭാഷാപഠനത്തിനായിട്ടുണ്ടായെങ്കിലും ശക്തമായി ഇന്ത്യൻഭാഷകളിലൂടെയുള്ള ഉന്നതവിദ്യാഭ്യാസ പദ്ധതികൾ ഇനിയും സാർവത്രികമായി നടപ്പാക്കിയിട്ടില്ല. കേരളത്തിൽ ഇതിനായുള്ള സമരം ഇന്നും അവസാനിച്ചിട്ടില്ല (പവിത്രൻ 2014 ).

കൊളോണിയൽ ആധുനികതയുടെ ഭാഗമായാണ് ആധുനികവിജ്ഞാന വിനിമയം മലയാളത്തിൽ അടയാളപ്പെട്ടത്. മിഷണറി വിദ്യാഭ്യാസം, അച്ചടി,

ഗദ്യത്തിലൂടെയുള്ള ജ്ഞാനവിനിമയം എന്നിവയെല്ലാം കൊളോണിയൽ ആധുനികതയുടെ ഭാഗമായി തിരിച്ചറിഞ്ഞിട്ടുണ്ട്. വിവിധ മിഷണറിസംഘങ്ങൾ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും പ്രവർത്തിച്ചിട്ടുണ്ട്. മലബാർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്നത് ബാസൽമിഷനായിരുന്നു. കാത്തലിക് മിഷൻ സൊസൈറ്റി മധ്യകേരളത്തിലും ലണ്ടൻ മിഷൻ സൊസൈറ്റി തെക്കൻകേരളത്തിലും മുഖ്യമായും ആധുനികവിദ്യാഭ്യാസ പ്രചാരകരായിരുന്നു. ജ്ഞാനവിനിമയത്തിന്റെ ചരിത്രം പാഠപുസ്തക നിർമാണവുമായി ബന്ധപ്പെട്ട മാനസ്സിലാക്കുന്നതിനൊപ്പം അച്ചടിയുമായും ബന്ധപ്പെട്ടിരുന്നുവെന്നും മനസ്സിലാക്കേണ്ടതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് അധിനിവേശകാലത്താണ് വിദ്യാഭ്യാസത്തിനും ജ്ഞാനവിനിമയത്തിനും പ്രാധാന്യം കൈവന്നത്. മിഷണറിവിദ്യാഭ്യാസപദ്ധതി മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നടപ്പായതോടെയാണ് വിദ്യാഭ്യാസ ഭാഷാസൂത്രണം പ്രബലപ്പെട്ടത്.

### ജ്ഞാനാസൂത്രണവും പാഠപുസ്തകനിർമിതിയും

പാശ്ചാത്യ മാതൃകയിലുള്ള ആധുനിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത് മിഷനറിമാരായിരുന്നു. ആധുനികപാഠപുസ്തകങ്ങൾ നിർമിച്ചതും പ്രചരിപ്പിച്ചതും അവർതന്നെ. ഈ ഘട്ടം വ്യത്യസ്ത സമീപനങ്ങളാൽ സമ്പന്നമാണ്. അവയിൽ എടുത്തുപറയാവുന്ന മൂന്നുസമീപനങ്ങളുണ്ട്

പാശ്ചാത്യമാതൃകയിൽ തദ്ദേശീയജ്ഞാനനിർമിതിയും വിനിമയവും, പാശ്ചാത്യജ്ഞാനപരിചയം, പാശ്ചാത്യവും പൗരസ്ത്യവുമായ ജ്ഞാനവിനിമയം എന്നിവയാണവ. നവീനപാഠപുസ്തകങ്ങളുടെ തുടക്കം ഗുണ്ടർട്ട് 1843-ൽ തയ്യാറാക്കിയ പാഠാരംഭത്തിൽനിന്നാണ്. 1860-ൽ പുറത്തിറങ്ങിയ പാഠമാലയിൽ തദ്ദേശീയ കൃതികളായ പഞ്ചതന്ത്രം, വേതാളചരിതം, നളചരിതം, ഭാരതം, മുദ്രാരാക്ഷസം, ചാണക്യസൂത്രം, ജ്ഞാനപ്പാന, കേരളവർമരാമായണം, ഉത്തരരാമായണം, ബ്രഹ്മാണ്ഡപുരാണം, ശീലാവതി, ശ്രീകൃഷ്ണചരിതം, രാമചരിതം തുടങ്ങിയവയിൽനിന്നുള്ള കാവ്യഭാഗം ഉൾപ്പെടുത്തി. തദ്ദേശീയഭാഷാപഠനം കൂടുതൽ ശക്തിയാർജ്ജിച്ചതിന് തെളിവാണിത്. 1847-ൽ പുറത്തിറങ്ങിയ പശ്ചിമോദയത്തിൽ ഭാഷയിലൂടെയുള്ള വിജ്ഞാനവിനിമയത്തിന്റെ നയം വ്യക്തമാക്കുന്നുണ്ട്. “വെളിച്ചം പൂർവദിക്കിൽനിന്ന് മാത്രമല്ല പശ്ചിമത്തിൽനിന്ന വരുന്നതും ആശ്ചര്യം തന്നെ. ഈ കേരളം ദൈവവശാൽ ഇംഗ്ലീഷുകാർക്കു അധീനമായി വന്നതിനാലോ ഈ നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറ്റിൽനിന്ന ഇങ്ങോട്ടു കടന്നുവരുവാൻ ഒരു പാലമുണ്ടായിരിക്കുന്നു. ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും

ഒഴികെ പിലാത്തിയിൽ നടക്കുന്ന പലതും ഉണ്ട്. രണ്ടുവകക്കും തമ്മിൽ വളരെ ഭെദം ഉണ്ടുതാനും. പരമാത്മ, ജീവാത്മാ തുടങ്ങിയുള്ള മാർമ്മോപദേശങ്ങളെ ധ്യാനിച്ച് ഓരൊന്നു മറ്റുമുണ്ടാക്കി ദിവ്യശ്ലോകങ്ങളെ ചമച്ച വിദ്വാന്മാരെ രസിപ്പിക്കുന്നത് ഹിന്തുജ്ഞാനത്തിൽ മര്യാദത്തന്നെ. കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളുടെ ഉപകാരത്തിനായി ഗദ്യമാക്കി പറയുന്നത് പിലാതിജ്ഞാനത്തിന്റെ ലക്ഷണമത്രേ. ഈ വക വായിപ്പാനാഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും പിലാത്തി ശാസ്ത്രങ്ങളിനിന്നു പറ്റുന്നതു ഒരോന്നു എടുത്തു ഇതിൻകീഴിൽ കാണിച്ച മാതിരിയായി മലയാളികൾക്കു തൊന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ച ആവശ്യമുള്ളവർക്കയെക്കുകയും ചെയ്യും" (1847 :02). മേൽപ്രസ്താവന തന്നെയാണ് പിലാത്തിവിജ്ഞാനത്തിന്റെ ഇറക്കുമതിനയം വെളിപ്പെടുത്തിയത്. അക്കാലത്തെ വൈജ്ഞാനിക ഭാഷാസൂത്രണത്തിന്റെ ചിത്രമാണ് ഇതിലൂടെ വ്യക്തമാകുന്നത്. തദ്ദേശീയ ശാസ്ത്രത്തിനു മുകളിൽ ആധുനിക-പാശ്ചാത്യജ്ഞാനത്തെ പ്രതിഷ്ഠിക്കുന്ന നയമാണ്.

കൊളോണിയൽ ലോകബോധത്തെ ഉൾകൊള്ളാനും അംഗീകരിക്കാനും ഉതകുന്നതരത്തിലുള്ള പാഠപുസ്തകങ്ങളായിരുന്നു ആസൂത്രണം ചെയ്തത്. പാശ്ചാത്യ ആധുനികതയുടെ സ്വഭാവം ഉൾക്കൊണ്ടു ജീവിക്കുന്നതിലേക്കുള്ള മാർഗരേഖകളായാണ് പാഠപുസ്തകങ്ങൾ രൂപകല്പന ചെയ്തത്. പാശ്ചാത്യകേന്ദ്രിതവീക്ഷണം സ്വാഭാവികമാക്കി മാറ്റുകയായിരുന്നു പാഠപുസ്തകങ്ങൾ എന്ന് കെ.എൻ പണിക്കർ നിരീക്ഷിച്ചതിന്റെ പൊരുളും ഇതുതന്നെയാണ്

ഭൂമിശാസ്ത്രം, ചരിത്രം എന്നീ മേഖലകളിലാണ് ആദ്യം ബാസൽ മിഷൻ ഊന്നൽ നൽകിയത്. കേരളോൽപത്തിയും(1843) മലയാളരാജ്യത്തിന്റെ ഭൂമിശാസ്ത്രമായ മലയാളരാജ്യവും (1868), കേരളപ്പഴമയും(1868) ഗുണ്ടർട്ട് രചിച്ചതിന്റെ പിന്നിൽ തദ്ദേശീയവിജ്ഞാനം പാശ്ചാത്യമാതൃകയിൽ അവതരിപ്പിച്ച സംസ്കാരത്തിന്റെ ജാനകീയധാര ജ്ഞാനവിനിമയത്തിൽ ഉറപ്പിച്ചെടുക്കുകയായിരുന്നു ലക്ഷ്യമിട്ടത്. ഒരേസമയം അധിനിവേശസംസ്കാരത്തിന്റെ മേന്മ ബോധ്യപ്പെടുത്തി ജ്ഞാനത്തിന്റെ ആരൂഢനിർമിതി പാശ്ചാത്യവൽക്കരിച്ചു.

പാഠപുസ്തകങ്ങളെ രണ്ടുതരത്തിൽ വിലയിരുത്താവുന്നതാണ്. അച്ചടികേന്ദ്രിതമായ അറിവ് വ്യവസ്ഥപ്പെടുത്തിയെന്നും തദ്ദേശീയമായ വൈജ്ഞാനികബന്ധങ്ങളെ പരിഷ്കരിച്ചുവെന്നുമാണിവ. 1857-ൽ പ്രസിദ്ധീകരിച്ച വിദ്യാമൂലങ്ങൾ വിവിധ ശാസ്ത്രാറിവുകൾ വിനിമയം ചെയ്തു. ഗണിതശാസ്ത്രത്തിലും ഭൂമിശാസ്ത്രത്തിലും ചില ഗ്രന്ഥങ്ങളുണ്ടായതു പോരെന്നും ആധുനികമായ

ലോകാവബോധം ഉണ്ടാവാൻ കൂടുതൽ ശാസ്ത്രകൃതികൾ ആവശ്യമുണ്ടെന്നും റെവ. ജോർജ് മാത്തൻ ബാലാഭ്യസനത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. ഭൂലോകവിശേഷങ്ങൾ എന്ന കൃതി യൂറോപ്പിനെ പരിചയപെടുത്തുന്നതിനോടൊപ്പം വിദ്യാമൂലങ്ങൾ, അഗ്നിപർവ്വതങ്ങൾ, കാറ്റ്, ജലച്ചുഴുളുകൾ, ദ്വീപുകൾ, നദികൾ, പർവതങ്ങൾ, ഭൂകമ്പം, മേഘം, മഴ, സമുദ്രം എന്നിവയുടെ ചെറുവിവരണങ്ങൾക്കൊപ്പം തെർമോമീറ്റർ, ഡൈവിങ്ബെൽ എന്നിവയുടെ പ്രവർത്തനവും പരിചയപ്പെടുത്തുന്നുണ്ട്. സുഖാബോധിനി (1886), ആരോഗ്യശാസ്ത്രസാരസംഗ്രഹം (1892) എന്നിങ്ങനെയുള്ള ആരോഗ്യശാസ്ത്രകൃതികളും പഠനത്തിന്റെ ഭാഗമായിരുന്നു. ഫ്രോൺമെയർ രചിച്ച പ്രകൃതിശാസ്ത്രം (1883) കൃത്യമായ വൈജ്ഞാനിക മലയാളാസൂത്രണം മുന്നോട്ടുവയ്ക്കുന്നുണ്ട്. സമർപ്പണലേഖനത്തിൽ ശാസ്ത്രവിജ്ഞാനവിനിമയത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള വിജ്ഞാനവിതരണം നീതീകരിക്കാനാവില്ല എന്ന നിലപാടും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലബാർമലയാളത്തിന്റെ മാനകീകരണവും ഉറപ്പുവരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളൊക്കെ ബാസൽമിഷന്റെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട സംഗ്രഹങ്ങളോ വിവർത്തനങ്ങളൊ ആണ്. ചുരുക്കത്തിൽ മാതൃഭാഷയിലൂടെ വിജ്ഞാനവിനിമയം വേണമെന്ന ആസൂത്രണനയം ബാസൽമിഷൻ മുന്നോട്ടുവച്ചിരുന്നു എന്നാണ് മനസ്സിലാക്കുന്നത്. തദ്ദേശീയമായി നിലനിന്നിരുന്ന കണക്കുസമ്പ്രദായത്തെ ഉൾക്കൊള്ളാതെ ആധുനികഗണിത മാതൃക നടപ്പാക്കിയതിന് തെളിവാണ് കണക്കുശാസ്ത്രം പാഠപദ്ധതി.

നിലനിന്നിരുന്ന ജ്ഞാനസമ്പ്രദായത്തെ ഇല്ലായ്മചെയ്ത് യൂറോകേന്ദ്രിതജ്ഞാനപദ്ധതി സർവത്രികമാക്കിയെന്നുള്ള വിലയിരുത്തലുകൾ കൊളോണിയൽ ആധുനികതയുടെ ഭാഗമായി നടന്നുവെന്ന് ചിലരെങ്കിലും അംഗീകരിക്കുന്നുണ്ട്. ശാസ്ത്രാസൂത്രണം ലക്ഷ്യംവച്ചതു അധിനിവേശതാത്പര്യങ്ങളിലായിരുന്നു. എന്നാൽ അതിന്റെ ഉപോല്പന്നമായി തദ്ദേശീയഭാഷയിലൂടെയുള്ള വിജ്ഞാനവിനിമയം സാധുവായി എന്നതും വിസ്മരിക്കാവുന്നതല്ല.

തിരുവിതാംകൂറിലെ 1867 മുതലുള്ള പാഠപുസ്തകക്കമ്മിറ്റി വിവർത്തനത്തിലൂടെയും പുതുതായി എഴുതിയുണ്ടാക്കിയും പാഠപുസ്തകങ്ങൾ നിർമിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം, സന്മാർഗ്ഗപാഠം, ആരോഗ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ നാട്ടുഭാഷാവിജ്ഞാനത്തിനു വേണ്ടി സംസ്കൃതജ്ഞാനവും ഉൾപ്പെടുത്തണമെന്നും ബൈബിൾപഠനം ഒഴിവാക്കാനും തീരുമാനിച്ചു. അക്കാലത്തെ മിഷണറികൊളോണിയൽ പാഠപുസ്തകങ്ങൾ

സൂക്ഷ്മപാരായണത്തിൽ ബൈബിളിലെ ആശയങ്ങളുടെ പ്രചാരണവും കൂടിയുദ്ദേശിച്ച് ഉണ്ടാക്കിയവയാണ്. 19-ാം നൂറ്റാണ്ടിലിറങ്ങിയിട്ടുള്ള പാഠപുസ്തകങ്ങൾ പലതും ഇതിനു തെളിവാണ്. എങ്കിലും മലയാളപാഠാവലികൾ നിർമിച്ചതും ഉപയോഗിച്ചതും വിവിധ വിജ്ഞാനങ്ങൾ ഭാഷയിൽ അവതരിപ്പിച്ചതും പരിചയിപ്പിച്ചതും മിഷണറിമാരായിരുന്നുവെന്നത് ഓർക്കേണ്ടതാണ്. തിരുവിതാംകൂറിലെ പാഠപുസ്തകസമിതിയുടെ പ്രവർത്തനങ്ങളും വിസ്മരിക്കാവുന്നതല്ല.

ശാസ്ത്രാസൂത്രണം പ്രാവർത്തികമാക്കാനുള്ള മിഷണറിശ്രമങ്ങൾ പിൽക്കാലത്ത് തദ്ദേശീയർ ഏറ്റെടുത്ത് നിരവധി ഗ്രന്ഥങ്ങൾ ഉണ്ടാക്കി. ഐക്യകേരളരൂപീകരണത്തിനുശേഷം വിദ്യാഭ്യാസാസൂത്രണം കൂടുതൽ കാര്യക്ഷമമായി നടപ്പാക്കി. ശാസ്ത്രസാഹിത്യപരിഷത്തിന്റെയും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും എസ് സി ഇ ആർ ടി യുടെയും പ്രവർത്തനങ്ങൾ സവിശേഷപ്രാധാന്യത്തോടെ ഇവിടെ പരിഗണന അർഹിക്കുന്നു. മലയാള സർവകലാശാല ഉന്നതവിദ്യാഭ്യാസത്തിൽ മലയാളമാധ്യമം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, മലയാളഭാഷയുടെ വിദ്യാ ഭ്യാസാസൂത്രണം ബോധനതന്ത്രങ്ങളുടെ പരിഷ്കരണത്തിലൂടെ കൂടുതൽ ശക്തിയാർജിക്കേണ്ടതുണ്ട്

മാധ്യമമലയാളാസൂത്രണം

അച്ചടി, ഇലക്ട്രോണിക്(റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ്) മാധ്യമങ്ങളിലെല്ലാം അതതു മാധ്യമങ്ങൾക്കു യോജിക്കുന്ന ഭാഷാനയങ്ങളുണ്ട്. അച്ചടിമാധ്യമങ്ങൾക്കുള്ള ശൈലി പുസ്തകങ്ങൾ ഭിന്നമാണെന്നതും ഭാഷാമാനകീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മാനകീയോച്ചാരണം റേഡിയോ നിലനിറുത്തുമ്പോൾ ടെലിവിഷനിൽ ഇല്ലാതിരിക്കുന്നതും തോന്നിയ ശൈലിയിലുള്ള ഇന്റർനെറ്റ് ഭാഷോപയോഗവുമെല്ലാം ഭാഷയുടെ മാനകീകരണത്തിനു വിഘാതമാണ്. ഇത്തരത്തിലുള്ള വിലയിരുത്തലുകൾ ദേശരാഷ്ട്രനിർമിതിയുടെ ഭാഗമായുള്ള ഭാഷ ഏകത്വത്തെ സൂചിപ്പിക്കുന്നവയാണ്. ബഹുമുഖമായ ഭാഷോപയോഗമാണ് ഡിജിറ്റൽമാധ്യമത്തിന്റെ സാധ്യത. അതുകൊണ്ട് ആർക്കും എങ്ങനെയും ഭാഷയുപയോഗിക്കാം അതാണ് സ്വാതന്ത്ര്യം എന്നൊക്കെ പറയുന്നത് അംഗീകരിക്കുമ്പോൾത്തന്നെ മാനകമായ മലയാളം എന്നത് ഒഴിവാക്കാനാവില്ല. എല്ലാവർക്കുമായുള്ള പൊതുമലയാളമാണത്. മാധ്യമങ്ങൾക്കുള്ള ഭാഷാസൂത്രണം സർക്കാർനയങ്ങളിൽ പെടുന്നവയാണ്, അതോടൊപ്പം അവരവരുടേതായ ശൈലീപുസ്തകവും പിന്തുടരുന്നുണ്ട്. എന്നാൽ ഭാഷാസൂത്രണം വിജയിക്കണമെങ്കിൽ ഏകീകൃതമായ ഭാഷാശൈലി നടപ്പാക്കേണ്ടതുണ്ട്. മാധ്യമഭാഷാസൂത്രണവുമായി

ബന്ധപ്പെട്ട വിവിധ നയങ്ങളെയും ശൈലീപുസ്തകങ്ങളെയും വിശദമായി ചർച്ചചെയ്യേണ്ടതുണ്ടെങ്കിലും സ്ഥലപരിമിതികൊണ്ട് ചുരുക്കുന്നു.

### വിഭവശേഷിവികസനം

അഞ്ച് പ്രധാന കൈവഴികളാണ് വിഭവശേഷിവികസനാസൂത്രണവുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. സാങ്കേതികപദനിർമ്മിതി, വിവർത്തനം, വൈജ്ഞാനികപുസ്തകനിർമിതി, മാനവവിഭവശേഷി, വിഭവകേന്ദ്രനിർമിതി എന്നിവയാണവ.

### സാങ്കേതികപദനിർമ്മിതി

ശാസ്ത്രനിഘണ്ടുക്കളുടെയും സാങ്കേതികശബ്ദാവലികളുടെയും ചരിത്രംനോക്കിയാൽ 1906 ലെ ഔഷധനിഘണ്ടുവിൽനിന്നാണ് തുടക്കമെന്നു മനസിലാക്കാം. മഹാകവി ഉള്ളൂർ, ഡോ എൽ എ രവിവർമ്മ, എൻ ഗോപാലപിള്ള, എം ആർ ബാലകൃഷ്ണവാരിയർ, ടി കെ ജോസഫ്, മാത്യു എം കുഴിവേലി, പി ശേഷാദ്രി അയ്യർ, എ ഗോപാലമേനോൻ, ഡോ കെ ഭാസ്കരൻ നായർ, ഡോ എച്ച് സുബ്രഹ്മണ്യയ്യർ, ഡോ ശിവരാമൻ നായർ മുതലായവരെ ഉൾപ്പെടുത്തിക്കൊണ്ടു തിരിവിതാംകൂർ (കേരള)സർവകലാശാല ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ സാങ്കേതികപദ നിർമ്മാണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. സസ്യശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം, ഊർജ്ജതന്ത്രം എന്നീ വിഷയങ്ങളിൽ കമ്മിറ്റി സമർപ്പിച്ച സാങ്കേതികപദകോശം 1941 ലും ജന്തുശാസ്ത്രം വിദ്യാഭ്യാസം മേഖലകളിലേത് 1949 ലും തിരിവിതാംകൂർ സർവകലാശാല പ്രസിദ്ധീകരിച്ചു. പിൽക്കാല പാഠപുസ്തകരചനയെ ഇത് നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. 1947-ൽ മദിരാശി ഗവണ്മെന്റ് വിദ്യാഭ്യാസവകുപ്പും രസതന്ത്രം, പ്രകൃതിശാസ്ത്രം, ശരീരശാസ്ത്രവും ശുചിത്വവും, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളിൽ സാങ്കേതികപദാവലി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ മാതൃക പിൽക്കാല സാങ്കേതികപദാവലി നിർമാണത്തിനെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം. 1965-ൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ആരംഭിച്ച ഈ പരമ്പരയിൽ നാലുഘട്ടങ്ങളുണ്ടായിരുന്നു. ഒന്നാംഘട്ടത്തിൽ 25 ഉം (1965) രണ്ടാംഘട്ടത്തിൽ 18 ഉം (1966) മൂന്നാംഘട്ടത്തിൽ 10 ഉം (1967) നാലാംഘട്ടത്തിൽ 11 ഉം (1968) എന്ന കണക്കിൽ വിവിധ ശാസ്ത്രഗ്രന്ഥാവലി പ്രസിദ്ധികരിച്ചു. എസ് സി ഇ ആർ ടി പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള ശാസ്ത്ര-മാനവിക -സാമൂഹിക വിഷയങ്ങളിലെ സാങ്കേതിക പദാവലി നിർമാണം 2019 ൽ പൂർത്തിയാക്കിയിട്ടുണ്ട്.

1969-ഓടെ ഈ രംഗത്ത് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രംഗപ്രവേശം ചെയ്തു.

എൻജിനീറിങ്, കൃഷി, ഗണിതം, ഭാഷാശാസ്ത്രം, മാനവികശാസ്ത്രം, ഭരണം, വിജ്ഞാനം എന്നി മേഖലകളിൽ ശബ്ദാവലികൾ നിർമിച്ചു. പൂർണമായും ആസൂത്രിതമായ ഒരു സമീപനമാണിതെന്നു പറയാം.

പത്തൊമ്പതാംനൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ സാഹിത്യസഭകളുടെ ചർച്ചകളിൽ ശാസ്ത്രമലയാളത്തിന്റെ പദദൗർലഭ്യത്തെക്കുറിച്ചുള്ള നിരവധി ചർച്ചകൾ നടന്നിട്ടുണ്ട്. ആസൂത്രണമായി തന്നെക്കാണാവുന്ന പ്രവർത്തനങ്ങളായിരുന്നു ഇവയെല്ലാം. ഭാഷാപോഷിണി സഭയുടെ ആറാമത്തെ സമ്മേളനത്തിൽ മലയാളഭാഷയും ഭാഷാപോഷിണിസഭയും എന്ന വിഷയത്തിൽ ഒ എം ചെറിയാൻ അവതരിപ്പിച്ച പ്രബന്ധത്തിൽ ശാസ്ത്രമലയാളത്തിലെ പദദൗർലഭ്യത്തെ ചൂണ്ടിക്കാട്ടുന്നുണ്ട്. ഇതിനു പരിഹാരമായി രണ്ടു നിർദേശങ്ങൾ അദ്ദേഹം മുന്നോട്ടുവച്ചു. സാങ്കേതികപദങ്ങളുടെ അകാരാദി ഉണ്ടാക്കുക, ഇംഗ്ലീഷ് ശാസ്ത്രകൃതികളെ അധികരിച്ച് അതതു വിഷയങ്ങളിൽ പരിജ്ഞാനവും സംസ്കൃതത്തിൽ സാമാന്യം വ്യുത്പത്തിയുമുള്ളവർ പുസ്തകരചന നടത്തുക എന്നിവയായിരുന്നു നിർദേശങ്ങൾ. 1911-ലെ ഭാഷാപോഷിണി സഭാസമ്മേളനത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാനും ഇംഗ്ലീഷിലെ പോപ്പുലർ സയൻസ് സീരീസിനു തുല്യമായരീതിയിൽ സസ്യശാസ്ത്രം, പ്രാണിശാസ്ത്രം, ഭൂഗർഭശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അടിസ്ഥാനപുസ്തകരചന നടത്തേണ്ടതാണെന്നു പ്രസ്താവിച്ചു.

ഗദ്യപാഠാവലികളുടെ നിർമിതി കൂട്ടായ സംരംഭമായി ഏറ്റെടുത്തു. ഭാരതവിലാസം സഭ പ്രസിദ്ധീകരിച്ച പ്രബന്ധമാലികയിൽ ഉള്ളൂർ ഉൾപ്പടെയുള്ളവർ സംഭാവന ചെയ്തിട്ടുണ്ട്. സാഹിത്യ സഭാംഗങ്ങൾ പുസ്തകമെഴുതിയും ശാസ്ത്രമലയാളത്തെ പോഷിപ്പിച്ചിട്ടുണ്ട്. എ രാജരാജവർമ്മ (വിഹായസവിഹാരം), മൂർക്കോത്തു കുമാരൻ (കാകൻ, പ്രകൃതിശാസ്ത്രത്തിലെ ചില അനുഭവങ്ങൾ), കെ സുകുമാരൻ (ജന്തുശാസ്ത്രം നാലുഭാഗങ്ങൾ, പ്രാണിവംശചരിത്രം നാലുഭാഗങ്ങൾ, പറക്കാൻവയ്യാതെ പോയപക്ഷികൾ, ജ്യോതിശാസ്ത്രം), കെ ആർ കൃഷ്ണപിള്ള (സൃഷ്ടിചരിത്രം, വിജ്ഞാനശകലങ്ങൾ, പാശ്ചാത്യശാസ്ത്രവൃത്താന്തം, ഭൂഗോളം), ഒ എം ചെറിയാൻ (ഭൂവിവരണസിദ്ധാന്തസംഗ്രഹം ), ടി കെ ജോസഫ് (വാനവിലാസം, വൈദ്യുതിവിലാസം, സൂര്യസാമ്രാജ്യം), എം രാമവർമ്മ തമ്പാൻ(ഭൂഗോളചരിതം) എന്നിവ ഇക്കൂട്ടത്തിൽ പരിഗണിക്കാവുന്നതാണ്.

### വിവർത്തനം, വിഭവശേഷിവികസനം

പത്തൊമ്പതാംനൂറ്റാണ്ടു മുതൽ വൈജ്ഞാനികഗ്രന്ഥങ്ങളുടെ വിവർത്തനം

ഭാഷയിലുണ്ടായിട്ടുണ്ട്. എന്നാൽ, എല്ലാവിഷയങ്ങളുടെയും സൂക്ഷ്മവൈജ്ഞാനികമേഖലകൾ മാതൃഭാഷയിൽ മനസ്സിലാക്കാനുള്ള സൗകര്യം ഇനിയും മലയാളത്തിന് കൈവന്നിട്ടില്ല. ആദ്യകാലത്തു ഈ വകയിൽ കുറെ ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വഴി ലഭ്യമായിട്ടുണ്ടെങ്കിലും അതൊന്നും മലയാളത്തിന്റെ വൈജ്ഞാനികവിനിമയശേഷി സമകലികമാക്കാൻ പര്യാപ്തമല്ല. വൈജ്ഞാനികപുസ്തകനിർമിതിയുടെ കാര്യത്തിലും വേണ്ട പുരോഗതി കൈവരിക്കാനായിട്ടില്ല. ശാസ്ത്ര-സാങ്കേതിക വിഷയങ്ങളിൽ മാത്രമല്ല മാനവിക-സാമൂഹ്യശാസ്ത്രവിഷയങ്ങളിലും അഭാവം പ്രകടമാണ്. ആധാരഗ്രന്ഥങ്ങളുടെ പരിമിതി പരിഹരിക്കപ്പെടേണ്ടതാണ്. അതിനുള്ള വൈജ്ഞാനിക വിഭവശേഷിയാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്.

മലയാളഭാഷയുടെ ആസൂത്രണചരിത്രത്തിൽ എ.ആർ. രാജരാജവർമയുടെ സംഭാവനകൾ അതുല്യമാണ്. തികഞ്ഞ ഭാഷാവാദിയായിരുന്ന അദ്ദേഹം നാട്ടുഭാഷയുടെ പോഷണത്തിനായി അപഗ്രഥനാത്മകവും സർഗാത്മകവുമായ പരിപോഷണശ്രമങ്ങൾ നിർവഹിച്ചു. നാട്ടുഭാഷയുടെ വിദ്യാഭ്യാസപദവി അംഗീകരിപ്പിച്ചെടുക്കാനും ശാസ്ത്രവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും ആവുന്നത്ര സംഭാവനകൾ ചെയ്തു. ആധുനികമലയാളഭാഷ, നാട്ടുഭാഷാവിദ്യാഭ്യാസം, മലയാളഭാഷാപോഷണം, സഭോദേശ്യസിദ്ധി, ഭാഷാപരിഷ്കാരം, ലിപിവിന്യാസം, സംസ്കൃതപദപ്രയോഗം എന്നീ ലേഖനങ്ങളിലൂടെ ആസൂത്രണാശയങ്ങൾ മുന്നോട്ടുവച്ചു. പാഠാവലി (നാലാംക്ലാസ്സ്), വ്യാകരണരചന, സാഹിത്യശാസ്ത്രഗ്രന്ഥങ്ങളുടെനിർമിതി (ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം), തർജ്ജമകൾ എന്നിവയിലൂടെ ഭാഷാശേഷിവികസനം സാധ്യമാക്കി. വികസിച്ച ഭാഷകളിൽനിന്നു വിവർത്തനത്തിലൂടെ വൈജ്ഞാനികതയുടെ ദേശീകരണം ഉറപ്പവരുത്താനും ഭാഷാപോഷണത്തിനു അഭ്യസ്തവിദ്യരുടെ സഹകരണം അഭ്യർത്ഥിക്കാനും നാട്ടുഭാഷയ്ക്കായി ഉന്നതങ്ങളിൽ സമ്മർദ്ദം ചെലുത്താനും എ.ആർ. ശ്രമിച്ചിരുന്നു. അസൂത്രണത്തിന്റെ സാധ്യതകൾ അവതരിപ്പിച്ചു. ഭാഷാനവോത്ഥാനം ശക്തിപ്പെടുത്താൻ ഏ ആറിനു കഴിഞ്ഞു. കുട്ടികൃഷ്ണമാരാരുടെ മലയാളശൈലിയാണ് ഭാഷാശുദ്ധീകരണത്തിനായുണ്ടായ മറ്റൊരു പ്രധാനകൃതി.

എ.ആർ. ഏറ്റെടുത്തു നടപ്പാക്കിയതുപോലെ ഉള്ളൂർ ഉൾപ്പടെയുള്ള സാഹിത്യകാരന്മാർ കൂട്ടത്തോടെ വൈജ്ഞാനികപുസ്തകനിർമാണം ഏറ്റെടുത്തതു നമുക്ക് മറക്കാനാവില്ല. ആ തലമുറയുടെ പ്രതിബദ്ധത പിൽക്കാലത്തു നഷ്ടമായതും വിഭവശേഷിവികസനാസൂത്രണത്തിൽ

പരിഗണിക്കപ്പെടേണ്ടതാണ്. ഭാഷയുടെ വിഭവശേഷിനിർമിതി മിഷണറിമാരുടെ സംഭാവന (ശ്രീനാഥൻ എം, 2016)യിൽ തുടങ്ങുന്നു. ഈ മേഖലയിലെ സ്വദേശിവൽക്കരണത്തിന് ജോർജ് മാത്തനിലൂടെയും എ ആർ രാജരാജവർമയിലൂടെയും വ്യാകാരണരംഗത്തും, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയിലൂടെ നിഘണ്ടുനിർമ്മാണരംഗത്തും ശക്തമായ തുടക്കമിട്ടു.

നസ്രാണിദീപികയുടെ മുഖപ്രസംഗം ഈ മേഖലയിൽ ശ്രദ്ധേയമാണ് ('ഒരു മലയാള നിഘണ്ടുവിന്റെ ആവശ്യകത (1914 മെയ് 8 ), ഒരു മലയാളം ഇംഗ്ലീഷ് നിഘണ്ടു (1925 സെപ്റ്റംബർ 3). നിഘണ്ടുക്കൾ പലതുണ്ടായെങ്കിലും ശബ്ദതാരാവലി നൂറുവർഷങ്ങൾക്കുശേഷവും നിലനിൽക്കുന്നു. ഭാഷ എത്രയോ മാറിയിട്ടും പദസമ്പത്തുയർന്നിട്ടും പദകോശനിർമിതി സമകാലമായിട്ടില്ല. വ്യാകരണത്തിന്റെ കാര്യത്തിലും ഏ ആറിനപ്പുറം കടക്കാനായിട്ടില്ല. തന്നെയുമല്ല സമകാല ഡിജിറ്റൽസാങ്കേതികതയുമായി വിളക്കിച്ചേർക്കാനുള്ള ശ്രമങ്ങളും കുറവാണ്. മലയാളഭാഷയ്ക്കു റഫറൻസ് ഗ്രാമർ ഇല്ലെന്നുമാത്രമല്ല കംപ്യൂട്ടേഷണൽ വ്യാകരണവുമില്ല. ഓളം തുടങ്ങിയുള്ള അനൗപചാരികശ്രമങ്ങൾ കംപ്യൂട്ടേഷനൽനിഘണ്ടു നിർമാണത്തിൽ കാണാമെങ്കിലും ആവശ്യമായ ഡിജിറ്റൽ ഭാഷാസാമഗ്രികളുടെ അഭാവം ഡിജിറ്റൽഭാഷാസൂത്രണത്തിന്റെ വിടവാണ് വെളിപ്പെടുത്തുന്നത്. കൂടുതൽ യന്ത്രപാരായണ-ഏകഭാഷാ-ബഹുഭാഷാ നിഘണ്ടുക്കൾ ഉണ്ടാകേണ്ടത് ഭാഷാസാങ്കേതികതാവികസനത്തിന് ആവശ്യമാണ്. മലയാള സർവകലാശാല ഇത്തരത്തിൽ ഏറെ പ്രയോജനകരമാകുന്ന ഓൺലൈൻ നിഘണ്ടു പദ്ധതി ആരംഭിച്ചെങ്കിലും സാങ്കേതികകാരണങ്ങളാൽ വഴിക്കു നിന്നുപോയി. ഭാഷാഭേദനിഘണ്ടു ഉൾപ്പടെ പദസമ്പത്തെല്ലാം ഓൺലൈൻപദ്ധതിയിൽ ലഭ്യമാകേണ്ടതുണ്ട്.

ഡിജിറ്റൽ സ്രോതസ്സുകളുണ്ടാക്കാൻ കൃത്യമായ ആസൂത്രണം വേണ്ടതാണ്. വരും തലമുറയ്ക്ക് പ്രയോജനപ്പെടാനുള്ള ഏതൊരു സൗകര്യവും ഒരുക്കാൻ ഇനിയും വൈകിക്കൂടാ. അച്ചടിലോകം അവസാനിച്ചു. ഡിജിറ്റൽ കാലത്തു ഹസ്തലിഖിതങ്ങൾ മുതൽ അച്ചടിച്ച ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ചുവരെഴുത്തുകൾ, വാമൊഴിരൂപങ്ങൾ എന്നുതുടങ്ങി എല്ലാ ചിഹ്നവ്യവസ്ഥകളും ഡിജിറ്റൽ വിഭവം ആകേണ്ടതാണ്. ഭാഷയുടെ അതിജീവനം ഡിജിറ്റൽ സാങ്കേതികതയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടു ഡിജിറ്റൽവിഭവശേഷി ഭാഷാമൂലധനമായി മാറിയിരിക്കുന്നു. ഈ മേഖലയിൽ ശക്തമായ ഭാഷാസൂത്രണം നടപ്പിലാക്കേണ്ടതുണ്ട്. ഗ്രന്ഥപ്പുരയും വിക്കിമലയാളവും കൂടുതൽ പോഷിപ്പിക്കാൻ സർക്കാരും ജനങ്ങളും സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഷിജു അലക്സ് ഏറ്റെടുത്തു നടപ്പിലാക്കിയ പൊതുസഞ്ചയരേഖകളുടെ

"ഡിജിറ്റൈലൈസേഷൻ" പദ്ധതിയും (https://shijualex.in/ ലൂടെ പൊതു സഞ്ചയരേഖ ലഭ്യമാണ്). വിക്കിമലയാളവും കൂടുതൽ ശക്തിപകരേണ്ട സംരംഭങ്ങളാണ്. കൂടുതൽ ഡിജിറ്റൽ വിഭവകേന്ദ്രങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോവിഷയത്തിനും ഓരോവിഭവകേന്ദ്രം പ്രയോഗത്തിൽവരണം.

ഭാഷാസാങ്കേതികതയുമായുള്ള ഗവേഷണശേഷി ഉയർത്തുക എന്നതാണ് ഭാഷാസൂത്രണത്തിന്റെ അടിയന്തര പ്രാധാന്യം ഉറപ്പുവരുത്തേണ്ട മേഖലകളിൽ ഒന്ന്. ഭാഷാശാസ്ത്രഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതും ഭാഷാസൂത്രണത്തിന്റെ മുഖ്യ അജണ്ടകളിൽ ഒന്നാണ്. നിർഭാഗ്യവശാൽ കേരളത്തിന് ഈ വിഷയത്തിന്റെ പ്രാധാന്യം ഇനിയും മനസ്സിലായിട്ടില്ല.

**മാനവവിഭവശേഷി**

മാനവവിഭവശേഷി ഉയർത്താനായുള്ള ശ്രമങ്ങൾ എസ് സി ഇ ആർ ടി നടത്തുന്നുണ്ടെങ്കിലും ഉന്നതവിദ്യാഭ്യാസത്തിൽ വേണ്ടത്ര ശ്രമങ്ങൾ നടപ്പിലാക്കുന്നുവെന്ന പറയുകവയ്യ. ഈ മേഖലയും മാതൃഭാഷാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസമാതൃകയിൽ പ്രധാനം തന്നെയാണ്. ഭാഷാബോധനപ്രവർത്തങ്ങളിലും ഭാഷാശാസ്ത്രത്തിന്റെയും (കോർപ്പസ്, മനോഭാഷാശാസ്ത്രത്തിന്റേയും) പ്രയോജനം ഉപയോഗപ്പെടുത്തി മാനവവിഭവശേഷി ഭാഷാസൂത്രണം കൂടുതൽ കാര്യക്ഷമമാക്കണം.

**ഉപസംഹാരം**

മലയാളവുമായി ബന്ധപ്പെടുത്തിയുള്ള ഭാഷാസൂത്രണവഴികൾ അന്വേഷിക്കുമ്പോൾ നിരവധി മേഖലകളിലൂടെ കാടന്നുപോകേണ്ടിവരും. അവയോരോന്നും വിശദികരിച്ചാൽ ഒരു പുസ്തകമായി ഈ പഠനം മാറും. അതൊഴിവാക്കാനായി ചില കേന്ദ്രവിഷയങ്ങളെയും പാർശ്വവിഷയങ്ങളെയും കൂട്ടിയിണക്കി അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്തത്. എല്ലാമേഖലകളും പരാമർശിച്ചുവെന്ന പറയാനാവില്ല. ഉദാഹരണമായി പ്രസരണമാർഗങ്ങളെക്കുറിച്ചുള്ള ആലോചനകൾ. ഗ്രന്ഥശാലാ വികസനവും ഭാഷാവിഭവപ്രസരണവും എന്നുതുടങ്ങി പല ഉപമേഖലകളും മലയാളത്തിന്റെ ഭാഷാസൂത്രണവഴികളിൽ നിർണായകമാണ്. അതൊക്കെ പ്രബുദ്ധരായ വായനക്കാർ പൂരിപ്പിച്ചെടുത്തോളും എന്ന പ്രതീക്ഷയുള്ളതുകൊണ്ടും പലവിഷയങ്ങളും വിശദമായി ചർച്ചചെയ്യുന്ന മറ്റ ലേഖനങ്ങൾ ഉണ്ടാകുമെന്നതുകൊണ്ടും ഇതൊരു പ്രാഥമിക പ്രകരണമായേ കാണേണ്ടതുള്ളൂ.

ചുരുക്കത്തിൽ ഭാഷാസൂത്രണത്തിന്റെ മലയാളവഴികളുടെ അന്വേഷണം

വെളിപ്പെടുത്തുന്നത് താഴെ പറയുന്നവയാണ്.

1. മലയാള ഭാഷാസൂത്രണത്തിൽ അനൗപചാരിക സംരംഭങ്ങളാണ് അധികവും
2. മലയാളഭാഷാസൂത്രണം ഡിജിറ്റൽ വഴിയിൽ അടിയന്തരമായി മുന്നേറേണ്ടതുണ്ട്
3. ഭാഷാസൂത്രണം അച്ചടി കേന്ദ്രിതത്വത്തിൽനിന്ന് ഡിജിറ്റൽ കേന്ദ്രിതത്വത്തിലേക്ക മാറണം
4. മികച്ചരീതിയിൽ ശാസ്ത്രീയമായ ആസൂത്രണരൂപരേഖ തയ്യാറാക്കി നടപ്പിലാക്കണം
5. ഭാഷാസൂത്രണത്തിൽ ജനകീയപങ്കാളിത്തം ഉറപ്പുവരുത്തി വികേന്ദ്രീകരിക്കണം
6. ലിപി, വ്യാകരണം, ശൈലി, പദകോശം എന്നിവയുടെ മാനകീകരണം സർവത്രികമാക്കുക
7. ഭാഷാസാങ്കേതികഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുക
8. മലയാളത്തിന്റെ ഡിജിറ്റൽ വിഭവശേഷി വികസിപ്പിക്കുക
9. മലയാളത്തിന്റെ വൈജ്ഞാനികവിനിമയം വർദ്ധിപ്പിക്കുക
10. മികച്ചതും ഉപഭോക്തൃ സൗഹൃദപ്രധാനവുമായ ഡിജിറ്റൽ പൊതുഭാഷാവിഭവകേന്ദ്രങ്ങൾ ഉണ്ടാക്കുക
11. വൈജ്ഞാനിക ഗ്രന്ഥനിർമ്മിതി പ്രോത്സാഹിപ്പിക്കുക
12. വൈജ്ഞാനിക വിവർത്തനം പ്രോത്സാഹിപ്പിക്കുക
13. ഓൺലൈൻ വിഭവലഭ്യത ഉറപ്പാക്കുക
14. മലയാളത്തിന്റെ ഡിജിറ്റൈസേഷൻ, ഭാഷാസാങ്കേതികത, കോർപ്പസ്നിർമിതി ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ ആവിഷ്കരിക്കുക
15. ശാസ്ത്രീയമായ ഭാഷാസൂത്രണപദ്ധതികൾ നടപ്പിലാക്കുക

## ഗ്രന്ഥസൂചി

1. കീർത്തിസാഗർ, 2019, മലയാള ലിപിപരിണാമം, മലയാളഭാഷാപഠനങ്ങൾ, ഉണ്ണികൃഷ്ണൻ എം.എം. (എഡി.), ഡി.സി. ബുക്സ്
2. പണിക്കർ കെ.എൻ., 2004, സംസ്കാരവും ദേശീയതയും, കറൻറ്ബുക്സ്, തൃശ്ശൂർ
3. പവിത്രൻ പി., 2014, മാതൃഭാഷയ്ക്ക് വേണ്ടിയുള്ള സമരം, മലയാള ഐക്യവേദി
4. പ്രബോധചന്ദ്രൻനായർ വി.ആർ. .1999, മലയാളം മലയാളിയോളം, കേരള ഭാഷാ ഇൻസ്റ്റിട്യൂട്ട്
5. പ്രഭാകരവാരിയർ കെ.എം., 2015, ഭാഷാശാസ്ത്രം ചരിത്രവും പാഠവും, മലയാളം

തായ്‌വേരുകൾ പുതുനാമ്പുകൾ, പി.എം. ഗിരീഷ്, സി.ജി. രാജേന്ദ്രബാബു (എഡി.), ദക്ഷിണ, ചെന്നൈ.

6. മലയാളം അച്ചടിയും എഴുത്തും–സ്റ്റൈൽ പുസ്തകം, 1999, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

7. രാഘവവാര്യർ എം.ആർ., 2019, എഴുത്തിന്റെ ചരിത്രം, മലയാളഭാഷാപഠനങ്ങൾ, ഉണ്ണി കൃഷ്ണൻ എം.എം. (എഡി ), ഡി.സി. ബുക്സ്.

8. ശ്രീകുമാർ ഏ.ജി. , 2014, അച്ചുകടത്തിലെ കേരളം, കൈരളിബുക്സ്, കണ്ണൂർ.

9. ശ്രീനാഥൻ എം., 1990, ഭാഷാസൂത്രണത്തിന്റെ പ്രസക്തി, ജനപഥം, സാംസ്കാരികവകുപ്പ്, കേരള സർക്കാർ.

10. ശ്രീനാഥൻ എം. (ചീഫ് എഡി.), 2016, മിഷണറി ഭാഷാശാസ്ത്രം, മലയാള സർവകലാശാല

11. ശ്രീനാഥൻ എം. &സെയ്തലവി സി. , 2017, എ.ആർ. വിജ്ഞാനീയം, മലയാള സർവകലാശാല.

12. സെഡ്.എം. മൂഴൂർ, 2005, നസ്രാണിദീപികയും മലയാള സാഹിത്യവും, കോട്ടയം, കറന്റ് ബുക്സ്.

13. സുബ്രമണ്യൻ എം.എൻ. (സമ്പാദകൻ ), 1972, ശാസ്ത്രഗ്രന്ഥസൂചി, കേരള ശാസ്ത്രസാഹിത്യ പരിഷത്

14. Annamalai E. 2001. Managing multilingualism in India. Political and Linguistic Manifestations. New Delhi: Sage Publications.

15. Baker, Colin. 1992. Attitudes and Language. Clevedon: Multilingual Matters.

16. Baldridge, Jason. 2002a. "Reconciling Linguistic Diversity: The History and Future of Language Policy in India". (Vol. 2:3 2002). Thirumalai, M.S. (ed.). Language in India. http://www.languageinindia.com/ may2002/

17. Ferguson, Gibson. 2006. Language planning and education. Edinburgh: Edinburgh University Press. Fishman, Joshua A. (ed.) 1974. Advances in language planning. The Hague: Mouton de Gruyter.

18. Garvin, Paul L. 1974. "Some Comments on Language Planning". In Fishman, Joshua A. (ed.). Advances in language planning. The Hague: Mouton de Gruyter, 69-78.

19. Kaplan, Robert B. et Richard B. Baldauf. 2003. Language and languag-ineducation planning in the Pacific basin. Dordrecht: Kluwer Academic Publications. Karam, Francis X. 1974. "Toward a Definition of Language Planning". In Fishman, Joshua A. (ed.). Advances in language planning. The Hague: Mouton de Gruyter, 103-124.

20. Mallikarjun, B. 2001. "Language(s) in the school curriculum: challenges of the new millennium." (Vol. 1:4 2001). Thirumalai, M.S. (ed.). Language in India. http://www.languageinindia.com

21. Mallikarjun, B. 2004. "Indian Multilingualism, Language Policy and the Digital Divide". (Vol. 4:4 2004). Thirumalai, M.S. (ed.). Language in India. http://www.languageinindia.com

22. Manjulakshi, L. 2003. "Indian mass media and language education."

(Vol. 3:4 2003). Thirumalai, M.S. (ed.). Language in India. http://www.languageinindia.com
23. Parameswaran, K. 2008. "Language of Mass Media – A Study Based on Malayalam Radio Broadcasts". (Vol. 8:9 2008). Thirumalai, M.S. (ed.). Language in India. http://www.languageinindia.com

*msreenathan@gmail.com*